2024 NOVEMBER
30
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper







# വിദേശികൾ, വിറ്റൊഴിഞ്ഞത് 11,756 കോടിയുടെ ഓഹരികൾ

**മുംബൈ:** കഴിഞ്ഞ മൂന്ന് ദിവസത്തെ വ്യാപാരത്തിനിടെ തിരിച്ചുവരവിന്റെ സൂചന നൽകിയ വിദേശ നിക്ഷേപകർ നിലപാട് മാറ്റി. 11,756 കോടി രൂപ മൂല്യമുള്ള ഓഹരികളാണ് ഒരൊറ്റ ദിവസംകൊണ്ട് വിറ്റൊഴിഞ്ഞത്. മൂന്നു ദിവസത്തെ മൊത്തം നിക്ഷേപമായ 11,112 കോടിയെ ഇത് മറികടക്കുകയും ചെയ്തു.

വില്പന വിപണിയെ കാര്യമായി ബാധിച്ചു. പ്രധാന സൂചികകളായ സെൻസെക്സും നിഫ്റ്റിയും 1.5 ശതമാനം ഇടിവ് നേരിട്ടു. അതേസമയം, വെള്ളിയാഴ്ചത്തെ വ്യാപാരത്തിനിടെ സൂചികകൾ നഷ്ടം പകുതിയോളം തിരികെ പിടിക്കുകയും ചെയ്തു.

വിദേശ നിക്ഷേപകരിൽനിന്നുള്ള വില്പന സമ്മർദം തുടരുമെന്നതിന്റെ സൂചനയാണ് വിപണിയിൽനിന്ന് ലഭിക്കുന്നത്. ഈ മാസം ഇതുവരെ രാജ്യത്തെ ഓഹരി വിപണിയിൽനിന്ന് 41,355 കോടി രൂപയാണ് പിൻവലിച്ചത്. കഴിഞ്ഞ ഒക്ടോബറിലാകട്ടെ വിറ്റൊഴിഞ്ഞത് 1.14 ലക്ഷം കോടി മൂല്യമുള്ള ഓഹരികളായിരുന്നു.

അതേസമയം, ആഭ്യന്തര വൻകിട നിക്ഷേപകരിൽനിന്നുള്ള പിന്തുണ തുടരുകയാണ്. വ്യാഴാഴ്ച മാത്രം 8,718 കോടി രൂപയുടെ ഓഹരികളാണ് അവർ വാങ്ങിക്കൂട്ടിയത്. ഇതോടെ നവംബറിലെ മൊത്തം നിക്ഷേപം 38,760 കോടി രൂപയുടേതായി.



വിപണിയിലെ വിദേശ വില്പന സമ്മർദം രൂപയുടെ മൂല്യത്തെയും ബാധിച്ചു. യുഎസ് ഡോളറിനെതിരെ രൂപയുടെ മൂല്യം 84.45 എന്ന റെക്കോഡ് ഇടിവാണ് നേരിട്ടത്.

റഷ്യയുക്രെയിൻ സംഘർഷം നിലനിൽക്കുകയും വെടിനിർത്തൽ കരാർ ഇസ്രയേൽ ലംഘിച്ചുവെന്ന റിപ്പോർട്ടുകൾ പുറത്തുവരികയും ചെയ്തതോടെ ഭൗമരാഷ്ട്രീയ സംഘർഷങ്ങൾ രൂക്ഷമായി. വരാനിരിക്കുന്ന യുഎസ് ഫെഡിന്റെ യോഗത്തിൽ നിരക്ക് കുറയ്ക്കാനുള്ള സാധ്യത മങ്ങിയതും വിപണിയെ ബാധിച്ചു. ആഗോള അനിശ്ചിതത്വങ്ങൾ നിക്ഷേപകരുടെ ആത്മവിശ്വാസത്തെ ബാധിച്ചതായാണ് വിലയിരുത്തൽ.

പിന്നിട്ട ആറ് പാദങ്ങളിൽ ഏറ്റവും താഴ്ന്ന വളർച്ചയാണ് സമ്പദ്വ്യവസ്ഥ രേഖപ്പെടുത്തിയത്. രണ്ടാം പാദത്തിലെ കോർപറേറ്റ് വരുമാനം പ്രതീക്ഷിച്ചതിലും മോശമായതും വൻകിട ബ്രോക്കിങ് ഹൗസുകൾ നിഫ്റ്റിയുടെ ലക്ഷ്യ നിലവാരം താഴ്ത്തുന്നതും വിദേശ നിക്ഷേപകരെ രാജ്യംവിടാൻ പ്രേരിപ്പിച്ചു.




## എയർ ഇന്ത്യ എക്സ്പ്രസ് ഡെസ്റ്റിനേഷനുകളുടെ എണ്ണം അൻപത് കടന്നു

**കൊച്ചി:** ഇന്ത്യ, ഗൾഫ്, തെക്കൻ ഏഷ്യ എന്നിവിടങ്ങളിലായി 51 ഇടങ്ങളിലേക്ക് സേവനം വിപുലപ്പെടുത്തി എയർ ഇന്ത്യ എക്സ്പ്രസ്. ഡിസംബർ 20 മുതൽ ബാങ്കോക്കിലേക്കും പുതിയ സർവ്വീസ് ആരംഭിക്കും. പുനെ, സൂറത്ത് എന്നിവിടങ്ങളിൽ നിന്നാണ് ബാങ്കോക്കിലേക്ക് നേരിട്ടുള്ള സർവ്വീസുകൾ. കൊച്ചിയിൽ നിന്നും ഭുവനേശ്വറിലേക്കുള്ള പുതിയ സർവ്വീസ് ജനുവരി മൂന്നിന് ആരംഭിക്കും. കൊച്ചി തിരുവനന്തപുരം റൂട്ടിലും എയർ ഇന്ത്യ എക്സ്പ്രസ് പുതിയ വിമാന സർവ്വീസിന് തുടക്കമിട്ടിട്ടുണ്ട്. എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റ്, മൊബൈൽ ആപ്ലിക്കേഷൻ മറ്റ് ബുക്കിംഗ് ചാനലുകൾ എന്നിവിടങ്ങളിൽ നിന്നും ടിക്കറ്റുകൾ ബുക്ക് ചെയ്യാം.

ബാങ്കോക്കിലേക്ക് പുതിയ സർവ്വീസ് ആരംഭിക്കുന്നതോടെ തെക്ക് കിഴക്കൻ ഏഷ്യയിലെ തങ്ങളുടെ സാന്നിധ്യം അതിവേഗം വിപുലപ്പെടുത്തുകയാണെന്ന് എയർ ഇന്ത്യ എക്സ്പ്രസ് മാനേജിംഗ് ഡയറക്ടർ അലോക് സിംഗ് പറഞ്ഞു. രാജ്യത്തെ വളർന്നു വരുന്ന സാമ്പത്തിക കേന്ദ്രങ്ങളായ പൂനെ, സൂറത്ത് എന്നിവിടങ്ങളിൽ നിന്നും ഈ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിൽ വളരെയധികം സന്തോഷമുണ്ട്. ഡൽഹി, ബാംഗ്ലൂർ, ഹൈദരാബാദ് എന്നിവിടങ്ങളെ ബന്ധിപ്പിച്ചും കൂടുതൽ സർവ്വീസുകൾ നടത്തുന്നത് വഴി ആഭ്യന്തര മേഖലയിലും മികച്ച യാത്രാ അനുഭവം ഒരുക്കാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.പ്രതിദിനം 400 ലധികം സർവീസുകളാണ് എയർ ഇന്ത്യ എക്സ്പ്രസിനുള്ളത്. കേരളത്തിലെ നാല് വിമാനത്താവളങ്ങളിൽ നിന്ന് മാത്രം 344 വിമാന സർവീസുകളാണ് ആഴ്ച തോറും എയർ ഇന്ത്യ എക്സ്പ്രസിനുള്ളത്. കൊച്ചിയിൽ നിന്നും 128, തിരുവനന്തപുരത്ത് നിന്നും 66, കോഴിക്കോട് നിന്നും 91, കണ്ണൂരിൽ നിന്നും 59 എന്നിങ്ങനെയാണ് വിമാന സർവീസുകളുടെ എണ്ണം.

## യുഎസ് ആശയവിനിമയം നടത്തിയിട്ടില്ല, സർക്കാരുമായി ബന്ധമില്ല': അദാനിക്കെതിരായ കേസിൽ ഇന്ത്യ

**ന്യൂഡൽഹി:** വ്യവസായി ഗൗതം അദാനിക്കെതിരെ യുഎസ് കോടതി അഴിമതിക്കുറ്റം ചുമത്തിയ കേസിൽ ഇന്ത്യയുമായി യുഎസ് ആശയവിനിമയം നടത്തിയിട്ടില്ലെന്ന് ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം. അദാനിക്കെതിരായ കേസ് വ്യക്തിയും യുഎസ് നിയമവകുപ്പും തമ്മിലുള്ളതാണ്. കേസെടുക്കുമെന്ന കാര്യം ഇന്ത്യയെ യുഎസ് അറിയിച്ചില്ലെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

അറസ്റ്റ് വാറന്റുമായി ബന്ധപ്പെട്ട വിദേശ സർക്കാരിന്റെ ഏതൊരു അഭ്യർഥനയും പരസ്പര നിയമസഹായത്തിന്റെ ഭാഗമാണ്. എങ്കിലും അതെല്ലാം ഗൗരവത്തോടെ പരിശോധിക്കേണ്ടതുണ്ട്. അദാനി കേസുമായി ബന്ധപ്പെട്ട് യുഎസിൽനിന്ന് ഇതുവരെ അഭ്യർഥനയൊന്നും ലഭിച്ചിട്ടില്ല. സ്വകാര്യവ്യക്തിയുമായും സ്വകാര്യ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട ഒരു കാര്യമാണ്. ഇന്ത്യൻ സർക്കാർ നിലവിൽ ഇതിന്റെ ഭാഗമല്ല." രൺധീർ പറഞ്ഞു.

യുഎസ് കുറ്റപത്രത്തിൽ ഗൗതം അദാനി, സഹോദരപുത്രൻ സാഗർ അദാനി എന്നിവർക്കെതിരെ കുറ്റപത്രം ചുമത്തിയിട്ടില്ലെന്ന് വ്യക്തമാക്കി അദാനി ഗ്രീൻ എനർജി ലിമിറ്റഡ് രംഗത്തെത്തിയിരുന്നു.






എറണാകുളം ജില്ലാ നാഷണൽ ഹെൽത്ത് മിഷൻ പ്രോഗ്രാം മാനേജർ ഡോ.ശിവപ്രസാദിന്റെ ധിക്കാരപരമായ നടപടിയിലും അധികാര ദുർവിനിയോഗത്തിലും പ്രതിഷേധിച്ച് കെ.ജി.എം.ഒ.എ എറണാകുളം ജില്ല ഘടകത്തിന്റെ നേതൃത്വത്തിൽ ജില്ലാ നാഷണൽ ഹെൽത്ത് മിഷൻ പ്രോഗ്രാം ഓഫിസിനു മുന്നിൽ നടത്തിയ ധർണ്ണ. കെ.ജി.എം.ഒ.എ സംസ്ഥാന സെക്രട്ടറിയും സംസ്ഥാന പ്രസിഡന്റ് ഇലക്കുമായ ഡോ.പി.കെ സുനിൽ ഉദ്ഘാടനം ചെയ്യുന്നു

# ഡി.പി.എം ഡോ.ശിവപ്രസാദിനെ പുറത്താക്കണം; കെ.ജി.എം.ഒ.എ പ്രതിഷേധ ധർണ്ണ നടത്തി

**കൊച്ചി:** എറണാകുളം ജില്ലാ നാഷണൽ ഹെൽത്ത് മിഷൻ പ്രോഗ്രാം മാനേജർ ഡോ.ശിവപ്രസാദിന്റെ ധിക്കാരപരമായ നടപടിയിലും അധികാര ദുർവിനിയോഗത്തിലും പ്രതിഷേധിച്ച് കെ.ജി.എം.ഒ.എ എറണാകുളം ജില്ലാ ഘടകത്തിന്റെ നേതൃത്വത്തിൽ ജില്ലാ നാഷണൽ ഹെൽത്ത് മിഷൻ പ്രോഗ്രാം ഓഫിസിനു മുന്നിൽ ധർണ്ണ നടത്തി. കെ.ജി.എം.ഒ.എ സംസ്ഥാന സെക്രട്ടറിയും പ്രസിഡന്റ് ഇലക്കുമായ ഡോ.പി.കെ സുനിൽ ധർണ്ണ ഉദ്ഘാടനം ചെയ്തു. ഡോ. ശിവപ്രസാദിനെതിരെ കെ.ജി.എം. ഒ.എ നടത്തുന്നത് ധർമ്മ സമരമാണെന്നും അദ്ദേഹത്തെ സ്ഥാനത്ത് നിന്നും നീക്കാതെയുള്ള യാതൊരു ഒത്തു തീർപ്പിനും കെ.ജി.എം.ഒ.എ തയ്യാറല്ലെന്നും ഡോ.പി.കെ സുനിൽ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ആട്ടിൻ തോലിട്ട ചെന്നായ ആണ് ഡോ. ശിവപ്രസാദ്. കെ.ജി.എം.ഒ.യുടെ കൂടെ നടന്ന് വഞ്ചിക്കുന്ന നിലപാടാണ് അദ്ദേഹം സ്വീകരിക്കുന്നതെന്നും വനിതകൾ ഉൾപ്പെടെയുള്ള മെഡിക്കൽ ഓഫിസർമാരോട് അപമര്യാദയായി പെരുമാറുന്ന ഡോ. ശിവപ്രസാദുമായി സഹകരിച്ച് പ്രവർത്തിക്കാൻ കഴിയില്ലെന്നും അദ്ദേഹം വ്യക്തമാക്കി. കെ.ജി.എം.ഒ.എ ജില്ലാ പ്രസിഡന്റ് ഡോ. മുഹമ്മദ് സലിം അധ്യക്ഷത വഹിച്ചു.ജില്ലാ സെക്രട്ടറി ഡോ. മിനു കൃഷ്ണൻ, ട്രഷറർ ഡോ. ജിനു ആനി, ഡോ. കെ.എച്ച് ദീപാ, ഡോ. എ.ബി വിൻസെന്റ്, കെ.ജി.എം.ഒ.എ ജില്ലാ വനിതാം വിംഗ് കൺവീനർമാരായ ഡോ. ശോഭ, ഡോ. മീര, മുൻ സംസ്ഥാന പ്രസിഡന്റ് ഡോ ജോയ് ജോർജ് തുടങ്ങിയവർ സംസാരിച്ചു.

# യുവജനങ്ങൾ തൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്തി മുന്നേറണം: മന്ത്രി ഒ ആർ കേളു

**കൊച്ചി:** പട്ടികജാതി പട്ടികവർഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ ഉന്നമനത്തിനായി നിരവധി പദ്ധതികളാണു സർക്കാർ നടപ്പിലാക്കിവരുന്നതെന്നും ഈ അവസരങ്ങൾ പ്രയോജനപ്പെടുത്തി മുന്നേറാനാകണമെന്നും പട്ടികജാതിപട്ടിക വർഗ വികസന വകുപ്പ് മന്ത്രി ഒ ആർ കേളു പറഞ്ഞു. പട്ടികജാതിപട്ടിക വർഗ വിഭാഗക്കാരായ എഞ്ചിനീയറിങ്ങ്, പോളിടെക്നിക് ബിരുദധാരികൾക്കായി സംഘടിപ്പിച്ച ട്രേസ് തൊഴിൽമേള എറണാകുളം ഫോർഷോർ റോഡിലെ ട്രൈബൽ കോംപ്ലക്സിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

മത്സരാധിഷ്ഠിത തൊഴിൽ മേഖലയിൽ അഭ്യസ്തവിദ്യർ പിന്നാക്കം പോകാതിരിക്കാനുള്ള പരിശ്രമമാണു തൊഴിൽമേളയിലൂടെ ലക്ഷ്യമിടുന്നത്. സർക്കാർ സംവിധാനത്തിൽ തൊഴിൽ പരിചയവും പരിശീലനവും നേടുന്നതിനായി ആവിഷ്ക്കരിച്ച ട്രേസ് പദ്ധതിയിലൂടെ രണ്ടുവർഷ പരിശീലനം പൂർത്തിയാക്കിയ അക്രഡിറ്റഡ് എഞ്ചിനീയർമാർക്കു സ്ഥിരം തൊഴിൽ നേടുന്നതിനു മേള അവസരം ഒരുക്കുമെന്നാണു പ്രതീക്ഷിക്കുന്നത്.

പിന്നാക്ക വിഭാഗക്കാർക്കുള്ള പ്രീമെട്രിക്, എം ആർ ഹോസ്റ്റലുകൾ ശക്തിപ്പെടുത്തുകയും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മെച്ചപ്പെടുത്തുകയും വഴി വിദ്യാഭ്യാസ രംഗത്ത് മുൻകാലങ്ങളെ അപേക്ഷിച്ചു വലിയ പുരോഗതി കൈവരിക്കാനായിട്ടുണ്ട്. പ്ലസ്ടു, ഡിഗ്രി കഴിഞ്ഞവർ, ഐ ടി , വിവിധ മേഖലകളിൽ ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കിയവർ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പൂർത്തിയാക്കിയവർ എന്നിവരുടെ എണ്ണം കൂടി. ഇവർക്കുള്ള തൊഴിൽ സാധ്യത ഉയർത്തുന്നതിന്റെ ഭാഗമായാണു സർക്കാർ സ്പെഷൽ റിക്രൂട്ട്മെന്റ് നടത്തുന്നത്. മാറുന്ന കാലത്ത് ഇഷ്ടപ്പെട്ട മേഖല തിരഞ്ഞെടുക്കാൻ ശ്രമിക്കുന്നതോടൊപ്പം യാഥാർത്ഥ്യത്തെ ഉൾക്കൊണ്ടു ജീവിതം മെച്ചപ്പെടുത്തുന്നതിനായി ഏതു ജോലിയും ചെയ്യാനുള്ള ആർജവം ഉണ്ടാകണം. എല്ലാ മേഖലയിലും കഴിവും കാര്യക്ഷമതയും വളരെ പ്രധാനമാണ്. ഇവ പ്രായോഗികതലത്തിൽ കൊണ്ടുവരാനും സാധിക്കണം.

വകുപ്പിന്റെ ചെലവിൽ 773 പേരെ 25 ലക്ഷം രൂപ മുടക്കി വിദേശ രാജ്യങ്ങളിൽ ഉപരിപഠനത്തിനായി അയച്ചു. ഇതിൽ ഇതുവരെ 56 പേർ ജോലി നേടി. എംബിബിഎസ് അടക്കുള്ള പ്രൊഫണൽ കോഴ്സ് പഠിക്കുന്നതിനും സർക്കാർ ധനസഹായം നൽകുന്നുണ്ട്. നഴ്സിങ് പഠനം പൂർത്തിയായ 400 കുട്ടികൾക്കു സർക്കാർ ആശുപത്രിയിൽ രണ്ടു വർഷത്തേക്കു നിയമന ഉത്തരവു നൽകി. കൂടാതെ വിവിധ വകുപ്പുകളിൽ പ്രത്യേക പരിഗണന നൽകി സ്പെഷൽ റിക്രൂട്ട്മെന്റിലൂടെ അവസരം നൽകിയിട്ടുണ്ട്. ജോലി ലഭിച്ചാൽ കുടുംബത്തെ മെച്ചപ്പെട്ട സാമൂഹിക അന്തരീക്ഷത്തിലേക്ക് ഉയർത്തുന്നതിനുള്ള പരിശ്രമം ഉണ്ടാകണം. ഇതാണു വകുപ്പും സർക്കാരും ആത്യന്തികമായി ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ 66ാമത് സ്കൂൾ കായികമേളയിൽ ഫെൻസിംഗിന് വെങ്കല മെഡൽ കരസ്ഥമാക്കിയ സൂര്യ സിബു, എൽഎൽബിക്കു കറുകടം ഹോസ്റ്റലിൽ നിന്നും അഡ്മിഷൻ ലഭിച്ച ജെ ജയേഷ്, നേര്യമംഗലം ഹോസ്റ്റലിൽ നിന്നും അഡ്മിഷൻ ലഭിച്ച ജോമോൾ ബിനു എന്നിവരെ മന്ത്രി ആദരിച്ചു.

ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി, കെൽ, നിർമ്മിതി, എഫ്ഐടി, സിൽക്ക് തുടങ്ങി പൊതുമേഖലാ സ്വകാര്യ സ്ഥാപനങ്ങളാണ് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനായി മേളയിൽ എത്തിയത്. ടി ജെ വിനോദ് എംഎൽഎ അധ്യക്ഷനായ ചടങ്ങിൽ കൊച്ചി മേയർ അഡ്വ എം അനിൽ കുമാർ മുഖ്യാതിഥിയായി, വാർഡ് കൗൺസിലർ എസ്എസ് സുധീഷ്, പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശ്രീധന്യ സുരേഷ്, വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്കുള്ള 20242025 അദ്ധ്യയന വർഷത്തെ വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. എട്ടാം ക്ലാസ് മുതൽ പ്രൊഫഷണൽ കോഴ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാം. പതിനൊന്നാം ക്ലാസ് മുതലുള്ള കോഴ്സുകൾക്ക് അപേക്ഷിക്കുമ്പോൾ യോഗ്യതാ പരീക്ഷയ്ക്ക് 50 ശതമാനം മാർക്കോ തത്തുല്യ ഗ്രേഡോ നേടിയിരിക്കണം. അപേക്ഷാ ഫോറവും വിശദ വിവരങ്ങളും ജില്ലാ ആഫീസിൽ നിന്നും കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ www.kmtwwfb.org എന്ന വെബ് സൈറ്റിൽ നിന്നും ലഭിക്കും.പൂരിപ്പിച്ച അപേക്ഷകൾ ഡിസംബർ 15 വരെ ജില്ലാ ആഫീസിൽ സ്വീകരിക്കും.ഫോൺ 04842401632.

# ഓൺലൈനായി അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആദിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2025 ജനുവരിയിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിംഗ് ആന്റ് മാനേജ്മെന്റ് പ്രോഗ്രാമിന് ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷകർ പത്താം ക്ലാസ്' വിദ്യാഭ്യാസ യോഗ്യതയുള്ളവരായിരിക്കണം. രൂപകൽപ്പന, അലങ്കാരം, വസ്ത്രനിർമ്മാണം എന്നിങ്ങനെ വ്യത്യസ്ത പ്രവർത്തനങ്ങളിൽ സാമാന്യജ്ഞാനം ലഭിക്കുന്ന തരത്തിലാണ് പഠന പരിപാടി ചിട്ടപ്പെടുത്തിയിട്ടുള്ളത്. https://apps.rccc.in/register ലിങ്കിലൂടെ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാം.അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 31.ഫോൺ: 0484 2227217.

# ഓൺലൈൻ പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2025 ജനുവരിയിൽ ആരംഭിക്കുന്ന ഒരു മാസം ദൈർഘ്യമുള്ള ബേസിക് പ്രോഗ്രാം ഇൻ ഇൻഫക്ഷൻ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓൺലൈൻ പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. മെഡിക്കൽ, നഴ്സിംഗ്, പാരാമെഡിക്കൽ അനുബന്ധ മേഖലകളിലുള്ള ഡിഗ്രി അല്ലെങ്കിൽ ഡിപ്ലോമയുള്ളവർക്ക് https://apps.rccc.in/register ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 31.
ഫോൺ: 9048110031, 8075553851.

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിനു കീഴിലുള്ള പള്ളുരുത്തി ശിശുവികസന പദ്ധതി കാര്യാലയത്തിലെ 93 അങ്കണവാടികളിലേക്ക് അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 12ന് ഉച്ചയ്ക്ക് രണ്ട് വരെ.
ഫോൺ:0484 2237276/ 9188959733

# റീ ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള പളളുരുത്തി ഐസിഡിഎസിലേക്ക് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി കരാറടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് / ഓടിക്കുന്നതിന് താത്പര്യമുള്ള വാഹന ഉടമകളിൽ നിന്നും റീ ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 10 ന് വൈകീട്ട് മൂന്നു വരെ.
ഫോൺ: 04842237276, 9188959733

# റേഷൻകടകളുടെ നിയമനം

**കൊച്ചി:** ജില്ലയിൽ 32 റേഷൻകടകളുടെ നിയമനം നടത്തുന്നതിന് പുനർവിജ്ഞാപനവും, ഒരു പൊതുവിതരണകേന്ദ്രത്തിന്റെ പുതിയ വിജ്ഞാപനവും (നവംബർ 28 ന്) നിലവിൽ വന്നു. എസ്.സി, എസ്.ടി, ഭിന്നശേഷി സംവരണ വിഭാഗക്കാർക്ക് അപേക്ഷിക്കാം. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ അനുബന്ധ രേഖകൾ സഹിതം 30 ദിവസത്തിനകം (ഡിസംബർ 28ന് വൈകിട്ട് മൂന്നിനകം) നേരിട്ടോ തപാൽ മുഖേനയോ ജില്ലാ സപ്ലൈ ഓഫീസിൽ ലഭിക്കണം. അപേക്ഷ ഫോറം ജില്ലാ സപ്ലൈ ഓഫീസിലും താലൂക്ക് സപ്ലൈ ഓഫീസിലും സിറ്റി റേഷനിംഗ് ഓഫീസിലും സിവിൽ സപ്ലൈസ് വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിലും(civilsupplieskerala.gov.in) ലഭിക്കും.
നിശ്ചിത തീയതി / സമയത്തിനു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.ഫോൺ:04842423359, 2422251

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വേങ്ങോല ഗ്രാമപഞ്ചായത്തിലെ സാമൂഹ്യാരോഗ്യ കേന്ദ്രത്തിലേക്ക് വൃക്കരോഗികൾക്കുള്ള മരുന്ന് വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു.ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 16ന് രാവിലെ 11 വരെ. ഫോൺ: 04842971584

# ഹഡിൽ ഗ്ലോബൽ 2024: ശാസ്ത്ര സാങ്കേതിക വിദ്യയുടെ പിൻബലമേകി സ്റ്റാർട്ടപ്പുകൾ

**കൊച്ചി:** മാലിന്യസംസ്കരണം, ദുരന്തനിവാരണം, കൃഷി, വിദ്യാഭ്യാസം തുടങ്ങി വിവിധ മേഖലകളിൽ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ പുരോഗതി ആർജിക്കാനുതകുന്ന ഉൽപ്പന്നങ്ങൾ അണിനിരത്തി രാജ്യാന്തര സ്റ്റാർട്ടപ്പ് സമ്മേളനമായ ഹഡിൽ ഗ്ലോബൽ എക്സ്പോ. കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ച പരിപാടിയിൽ യുവസംരംഭകരാണ് സാമൂഹിക പ്രശ്നങ്ങൾക്കുള്ള സാങ്കേതിക പ്രതിവിധികൾ അവതരിപ്പിച്ചിരിക്കുന്നത്.

പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കുന്ന സംസ്ഥാനത്ത് പ്രതിവിധിയെന്നോണമാണ് തിരുവനന്തപുരം കഴക്കൂട്ടം ആസ്ഥാനമായി പ്രവർത്തിക്കുന്ന വെക്റ്റാസ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് ഡ്രോണുകൾ രൂപകൽപ്പന ചെയ്തത്. പ്രളയബാധിത പ്രദേശങ്ങളിൽ കുടുങ്ങി കിടക്കുന്നവരെ വേഗം കണ്ടെത്താനും മരുന്നും ഭക്ഷണവും എത്തിക്കാനും ഡ്രോണുകൾക്കു കഴിയും. ബാറ്ററിയിൽ പ്രവത്തിപ്പിക്കാവുന്നതും അഞ്ചു കിലോ ഭാരം വഹിക്കാൻ ശേഷിയുള്ളതുമായ ഡ്രോണും പെട്രോളിലും ബാറ്ററിയിലും പ്രവർത്തിപ്പിക്കാവുന്ന പത്തു കിലോ ഭാരം വരെ വഹിക്കാവുന്ന ഡ്രോണുമാണ് വികസിപ്പിച്ചിട്ടുള്ളത്. 2022ൽ തുടങ്ങിയ സ്റ്റാർട്ടപ്പ് കൃഷി, പ്രതിരോധ മേഖലകളിൽ ഉപയോഗിക്കാനാകുന്ന ഡ്രോണുകളും വികസിപ്പിക്കുന്നുണ്ടെന്ന് കമ്പനി സി.ഇ.ഒ നിഹാൽ അഹമ്മദ് പറഞ്ഞു.

സംസ്ഥാന സർക്കാരും തദ്ദേശീയ സ്വയംഭരണ സ്ഥാപനങ്ങളും ശാസ്ത്രീയ മാലിന്യസംസ്ക്കരണം പ്രോത്സാഹിപ്പിക്കുകയും അതിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുമ്പോൾ ആ പ്രവർത്തനങ്ങളിൽ കൈകോർക്കുകയാണ് തിരുവനന്തപുരം കുറവൻകോണം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭൗമാ എൻവൈറോടെക് പ്രൈവറ്റ് ലിമിറ്റഡ്. സ്റ്റാർട്ടപ്പ് നിർമ്മിക്കുന്ന മൊബൈൽ സെപ്റ്റിക് ടാങ്ക് ട്രീറ്റ്മെന്റ് യൂണിറ്റിന് ആറായിരം ലിറ്റർ സെപ്റ്റിക് വേസ്റ്റ് വരെ ഒരു മണിക്കൂറിൽ കൈകാര്യം ചെയ്യാൻ സാധിക്കുമെന്ന് ഐ.ടി. മാനേജർ വിവേക് പറഞ്ഞു. ചാലക്കുടി, ചങ്ങനാശ്ശേരി, കൊടുങ്ങല്ലൂർ, മഞ്ചേരി, കുമരകം തുടങ്ങിയ സ്ഥലങ്ങളിലെ തദ്ദേശീയ സ്വയംഭരണ സ്ഥാപനങ്ങൾ ഈ മൊബൈൽ സെപ്റ്റിക് ടാങ്ക് ട്രീറ്റ്മെന്റ് യൂണിറ്റുകൾ നിലവിൽ ഉപയോഗിക്കുന്നുണ്ട്. ഭാവിയിൽ സർക്കാരേതര സ്ഥാപനങ്ങൾക്കും മൊബൈൽ യൂണിറ്റുകൾ എത്തിക്കാൻ പദ്ധതിയുണ്ട്.

രാജ്യത്തെ റോബോട്ടിക്സ് പഠന മേഖലയിൽ മുന്നേറ്റം സ്വപ്നം കാണുകയാണ് തിരുവനന്തപുരം കഴക്കൂട്ടം ആസ്ഥാനമായി പ്രവർത്തിക്കുന്ന യൂണിബോട്ടിക്സ് ഇന്നൊവേഷൻസ് സ്റ്റാർട്ടപ്പ് കമ്പനിയുടെ സ്ഥാപകരായ വൈഭവ് കെ., മിലാദ് മുഹമ്മദ്, വിഷ്ണു പി. കുമാർ എന്നിവർ. റോബോട്ടിക്സിൽ താല്പര്യമുള്ള സ്കൂൾകോളേജ് വിദ്യാർഥികൾക്ക് സ്വയംപഠനത്തിന് സഹായകമായ ആധുനിക സംവിധാനങ്ങളാണ് യൂണിബോട്ടിക്സ് മുന്നോട്ട് വയ്ക്കുന്നത്. സ്കൂൾ കുട്ടികൾക്ക് വേണ്ടി യൂബോ എന്ന പേരിൽ റോബോട്ടിക്സ് പഠനത്തിനുതകുന്ന പ്ലാറ്റ്ഫോമാണ് യൂണിബോട്ടിക്സ് ആദ്യമായി വികസിപ്പിച്ചത്. സ്വയംപഠനത്തിന് സഹായിക്കുന്നതിനാൽ കുട്ടികൾക്ക് മികച്ച പഠനാനുഭവം സമ്മാനിക്കുകയും റോബോട്ടിക്സിലെ താല്പര്യവും കഴിവും വികസിപ്പിക്കാനും സഹായകമാണ്. കോളേജ് വിദ്യാർഥികൾക്കായി യൂബോ പ്ലസ് പ്ലാറ്റ്ഫോമും രൂപപ്പെടുത്തിയിട്ടുണ്ട്. നിർമിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള യൂബോ മിനി പ്ലാറ്റ്ഫോം ഇപ്പോൾ പണിപ്പുരയിലാണ്.കൃഷി ആവശ്യങ്ങൾക്കായി ഡ്രോണുകൾ വികസിപ്പിക്കുന്ന കൊച്ചി കളമശ്ശേരി ആസ്ഥാനമായുള്ള ഫ്യൂസിലേജ് ഇന്നൊവേഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഡ്രോണുകളും എക്സ്പോയിൽ ഡെലിഗേറ്റുകളുടെ ശ്രദ്ധ പിടിച്ചുപറ്റി. ഒരേക്കർ ഭൂമിയിൽ ഏഴ് മിനുട്ടിനുള്ളിൽ കീടനാശിനികളും വളവും തളിക്കാനാകും. ഒരിക്കൽ ചാർജു ചെയ്താൽ ഇരുപത്തിയഞ്ചു മിനിറ്റോളം ഡ്രോൺ ഉപയോഗിക്കാനാകും. സിവിൽ ഏവിയേഷന്റെ സർട്ടിഫിക്കേഷനും ഫ്യൂസിലേജിന് ലഭിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ കെ എസ് യു എമ്മിലൂടെ ലഭ്യമാക്കിയ ഗ്രാന്റുകളിലൂടെ പതിനഞ്ചുലക്ഷത്തോളം രൂപയുടെ സഹായം ഫ്യൂസിലേജിന് കിട്ടിയിട്ടുണ്ട്.

# വിദേശയാത്ര നടത്തുന്നവർ ട്രാവൽ ഇൻഷുറൻസ് എടുക്കണം: നോർക്ക

**കൊച്ചി:** വിദേശ യാത്ര നടത്തുന്നവർ അപ്രതീക്ഷിത കഷ്ടനഷ്ടങ്ങൾ നേരിടുന്നതിനും സംരക്ഷണത്തിനും ട്രാവൽ ഇൻഷുറൻസ് എടുക്കുന്നത് ഉറപ്പാക്കണമെന്ന് നോർക്കയുടെ ജാഗ്രതാ നിർദേശം. വിസിറ്റ് വിസ, വ്യാപാരം, പഠനം, ചികിത്സ, വിനോദം, ഡെസ്റ്റിനേഷൻ വെഡിംഗ് തുടങ്ങിയ വിവിധ ആവശ്യങ്ങൾക്ക് വിദേശത്തേക്ക് ഹ്രസ്വസന്ദർശനം നടത്തുന്നവരെ ഉദ്ദേശിച്ചുള്ളതാണ് ട്രാവൽ ഇൻഷുറൻസ്.

**അപ്രതീക്ഷിത ചികിത്സാ ചെലവ്**

വിദേശയാത്രയിൽ അപ്രതീക്ഷിതമായി ഉണ്ടായേക്കാവുന്ന ചികിത്സാ ചെലവ് സ്വന്തം നിലയിൽ കണ്ടെത്തുക പ്രയാസകരമായിരിക്കും. ഇത്തരം സാഹചര്യങ്ങളിൽ ഇൻഷുറൻസ് കവറേജിലൂടെ സഹായിക്കും.

**പരിരക്ഷ**

ബാഗേജ് മോഷണം, ബാഗേജ് വൈകിയെത്തുക, സ്വരാജ്യത്തേക്ക് തിരിച്ചയയ്ക്കുക, ഫ്ളൈറ്റ് റദ്ദാകുക, യാത്രയിൽ കാലതാമസം ഉണ്ടാകുക, മൃതദേഹം നാട്ടിലെത്തിക്കുക തുടങ്ങിയ സാഹചര്യത്തിൽ ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. പാസ്പോർട്ട് നഷ്ടമാകുന്ന സാഹചര്യത്തിൽ പരാതി നൽകുന്നതു മുതൽ പുതിയതിന് അപേക്ഷിക്കുന്നതു വരെ നിരവധി സാഹചര്യങ്ങളെ നേരിടുന്നതിന് ഇൻഷുറൻസ് കവറേജ് സഹായകമാകും.

**പോളിസി നിബന്ധനകൾ മനസിലാക്കണം**

വയസ്, യാത്രയുടെ കാലയളവ്, ഏതു രാജ്യത്തേക്കാണ് യാത്ര എന്നിവയെ അടിസ്ഥാനപ്പെടുത്തി പോളിസിയുടെ പ്രീമിയം വ്യത്യസ്തമായിരിക്കും. ഇൻഷുറൻസ് പോളിസി എന്തെല്ലാം പരിരക്ഷ നൽകുന്നുണ്ടെന്നു വ്യക്തമായി മനസിലാക്കിയ ശേഷമാവണം എടുക്കേണ്ടത്. നഷ്ടപരിഹാരത്തിനായി ഇൻഷുറൻസ് കമ്പനിയുടെ ഹോട്ട്ലൈനിൽ ബന്ധപ്പെട്ട് വിവരങ്ങൾ അറിയിക്കണം. ഇതിനു പുറമേ, തദ്ദേശീയ പോലീസ്, എംബസി, ട്രാൻസ്പോർട്ടേഷൻ കമ്പനി തുടങ്ങിയവരെയും വിവരം അറിയിക്കണം.

# തണ്ണീർമുക്കം ബണ്ടിന്റെ 50 ശതമാനം ഷട്ടറുകൾ പ്രവർത്തനസജ്ജമാക്കണം

**ആലപ്പുഴ:** തണ്ണീർമുക്കം ബണ്ടിന്റെ 50 ശതമാനം ഷട്ടറുകൾ പ്രവർത്തനസജ്ജമാക്കി റെഗുലേഷൻ കാര്യക്ഷമമാക്കണമെന്ന് ജില്ലാ കളക്ടർ അലക്സ് വർഗീസ് ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു. തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ ക്രമീകരിക്കുന്നത് സംബന്ധിച്ച് ജില്ലാ കളക്ടറുടെ ചേംബറിൽ വിളിച്ചു ചേർത്ത ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു കളക്ടർ. ഈ വിഷയത്തിൽ അടിയന്തിരപ്രാധാന്യത്തോടെ നടപടികൾ സ്വീകരിക്കണം. ആകെ 90 ഷട്ടറുകളുള്ള തണ്ണീർമുക്കം ബണ്ടിൽ നിലവിൽ 28 ഷട്ടറുകൾ മാത്രമേ വേലിയേറ്റ വേലിയിറക്കവുമായി ബന്ധപ്പെട്ടുള്ള ജലക്രമീകരണങ്ങൾക്കായി റെഗുലേറ്റ് ചെയ്യപ്പെടുന്നുള്ളൂ. 17 ഷട്ടറുകൾ കൂടി പ്രവർത്തനസജ്ജമാക്കി ആകെ ഷട്ടറുകളുടെ 50 ശതമാനത്തിലേക്ക് എത്തിക്കണം. റെഗുലേഷൻ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ഇറിഗേഷന്റെ ഭാഗത്തുനിന്നും ഉണ്ടാവണമെന്നും ജില്ലാ കളക്ടർ പറഞ്ഞു. തണ്ണീർമുക്കം ബണ്ടിന്റെ ഉപദേശകസമിതി യോഗം ഡിസംബർ ഏഴിന് രാവിലെ 11 മണിക്ക് ചേരാനും യോഗത്തിൽ തീരുമാനിച്ചു.

യോഗത്തിൽ എ ഡി എം ആശ സി എബ്രഹാം, തണ്ണീർമുക്കം കെ ഡി ഡിവിഷൻ എക്സി. എൻജിനീയർ സി ഡി സാബു, മേജർ ഇറിഗേഷൻ എക്സി. എൻജിനീയർ എം സി സജീവ് കുമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# കൂൺ കൃഷി കർഷകർക്ക് വരുമാനം ലഭ്യമാക്കും മന്ത്രി പി പ്രസാദ്

**ആലപ്പുഴ:** കൂൺ കൃഷി കർഷകർക്ക് മികച്ച വരുമാനം ലഭ്യമാക്കുമെന്നും കൂൺ വിഷരഹിതമായ നല്ല ഭക്ഷ്യവസ്തുവായി അംഗീകരിക്കപ്പെട്ടിരിക്കുകയാണെന്നും കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു. കൂൺ കൃഷിയെയും അതിൻറെ മൂല്യവർദ്ധക സാധ്യതകളെയും ഉപയോഗപ്പെടുത്തി സംസ്ഥാനത്ത് ഒരു ലക്ഷം മുതൽ 25 ലക്ഷം രൂപ വരെ വരുമാനം നേടുന്ന കർഷകർ ഉണ്ടെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാന കൃഷി വകുപ്പ് സ്റ്റേറ്റ്ഹോർട്ടികൾച്ചർമിഷൻ മുഖേന രാഷ്ട്രീയ വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ചേർത്തല കൂൺ ഗ്രാമം സമഗ്ര പദ്ധതിയുടെ ഉദ്ഘാടനം മുഹമ്മയിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി .

സംസ്ഥാന കൃഷി വകുപ്പ് കൃഷിദർശൻ പരിപാടി വഴി കൃഷിഭൂമിയിൽ നിന്നുകൊണ്ട് 12 ഉത്തരവുകളാണ് ഇറക്കിയത്. കൂൺ കൃഷിയിലൂടെ വലിയ സാമ്പത്തിക നേട്ടം ഉണ്ടാക്കിയ സംസ്ഥാനത്തെ കർഷകരുടെ സാന്നിധ്യത്തിലാണ് മന്ത്രി ചടങ്ങ് ഉദ്ഘാടനം ചെയ്തത്. കൂൺ ഉൽപ്പാദന യൂണിറ്റുകളുടെ പ്രവർത്തനം, കൂൺ കൃഷി കൂട്ടങ്ങളുടെ രൂപീകരണ പ്രഖ്യാപനം, കൂൺഗ്രാമം പദ്ധതിയുടെ ലോഗോ പ്രകാശനം എന്നിവയും മന്ത്രി നിർവഹിച്ചു. 90,000 മുതൽ 25 ലക്ഷം രൂപ വരെ വരുമാനം നേടുന്ന കൂൺ മേഖലയിൽ പ്രവർത്തിക്കുന്ന കർഷകർ ഉണ്ടെന്ന് മന്ത്രി പറഞ്ഞു.മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആയ കൂൺ പായസം, കൂൺ കട്‌ലറ്റ്, കൂൺ കേക്ക്, കൂൺ സൂപ്പ് എന്നിവയ്ക്ക് ആവശ്യക്കാർ ഏറെയുണ്ട്. ചേർത്തലയിൽ നടക്കുന്ന കരപ്പുറം ഫെസ്റ്റിൽ മില്ലറ്റ് ,കൂൺ എന്നിവയുടെ ഭക്ഷ്യമേള സംഘടിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.കൂൺ വൻകിട ഉത്പാദന യൂണിറ്റിന്റെ ഗുണഭോക്താവായ മുഹമ്മ ആര്യക്കര തോട്ടിറമ്പിൽ ഇന്ദുലേഖയുടെ കൂൺ ഉൽപാദന യൂണിറ്റിൽ ആയിരുന്നു ഉദ്ഘാടന ചടങ്ങ്. കൂൺ കൃഷി സംരംഭകനായ മലപ്പുറം ഔഷധി മഷ്‌റൂം യൂണിറ്റ് ഉടമ എ കെ ജെഷീർ യോഗത്തിൽ പങ്കെടുത്തു. മുഹമ്മ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സ്വപ്ന ഷാബു അധ്യക്ഷത വഹിച്ച ചടങ്ങിൽ മുഹമ്മ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് എൻ ടി റെജി, സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ എം ചന്ദ്ര,സി ഡി വിശ്വനാഥൻ, ടി എൻ നസീമ ടീച്ചർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ സി അമ്പിളി,കൃഷി ഡെപ്യൂട്ടി ഡയറക്ടർ സുജ ഈപ്പൻ,വാർഡ് മെമ്പർ നിഷ പ്രദീപ്,കൃഷി ഡെപ്യൂട്ടി ഡയറക്ടർ ബി സ്മിത,വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# സർക്കാർ പിന്തുണയിൽ സാറാ ബയോടെക്

**കോവളം:** വിദ്യാർത്ഥികളിലെ സംരംഭകത്വ ആശയങ്ങൾക്ക് ചിറകുമുളപ്പിക്കാൻ സംസ്ഥാന സർക്കാർ കോളേജുകളിൽ ആരംഭിച്ച ഇന്നൊവേഷൻ ആൻഡ് എൻട്രപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററിൽ തുടക്കമിട്ട ആശയം ഉൽപ്പന്നമായി ചേക്കേറിയത് എട്ടോളം വിദേശരാജ്യങ്ങളിൽ. കേരള സ്റ്റാർട്ടപ്പ് മിഷന്റെ പിന്തുണയോടെ തൃശൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന സാറാ ബയോടെക് സ്റ്റാർട്ടപ്പാണ് പായലിൽ നിന്നും ബഹിരാകാശ സഞ്ചാരികൾക്കും പ്രതിരോധമേഖലയിലുമൊക്കെ ഉപയോഗിക്കാവുന്ന ബിസ്കറ്റ് വികസിപ്പിച്ച് കോവളം ലീലാ റാവീസിൽ നടക്കുന്ന രാജ്യാന്തര സ്റ്റാർട്ടപ്പ് സമ്മേളനമായ ഹഡിൽ ഗ്ലോബലിൽ ശ്രദ്ധനേടുന്നത്.

ഹഡിലിലെ സസ്റ്റെയിനബിലിറ്റി എക്സ്പോ സെക്ഷനിലാണ് സാറാ ബയോടെക്ക് ഉൽപ്പന്നങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. കോളേജിൽ പഠിക്കുന്ന സമയത്ത് 2017 ൽ സ്റ്റുഡന്റ് സ്റ്റാർട്ടപ്പായാണ് നജീബ് ബിൻ ഹനീഫിന്റെ നേതൃത്വത്തിലുള്ള ടീം സംരംഭകത്വത്തിലേക്ക് ചുടവുവച്ചത്. അന്തരീക്ഷ മലിനീകരണത്തിനുള്ള സുസ്ഥിര പ്രതിവിധിയായാണ് അന്തരീക്ഷത്തിലെ കാർബൺ വലിച്ചെടുത്ത് ക്യുബിക്കിളിൽ പായൽവിത്ത് നിക്ഷേപിച്ച ജലത്തിലേക്ക് കടത്തിവിട്ട് പായൽ വളർത്തി അതിൽ പോഷകങ്ങൾ കൂട്ടിച്ചേർത്ത് ഭക്ഷ്യയോഗ്യമായ ബിസ്കറ്റ് നിർമ്മിക്കുന്നത്. ഇതിൽ ഗുണമേൻമ കുറഞ്ഞ പായലിൽ തീറ്റ ഉൽപ്പാദിപ്പിച്ച് കോഴികൾക്ക് നൽകി കോഴിയിറച്ചി വിൽക്കുന്നുണ്ട്. ഇത്തരത്തിൽ പായൽ വളർത്തുന്ന ഒബീലിയ എന്ന ക്യുബിക്കിളുകൾ അലങ്കാര വസ്തുക്കളായി ഐടി പാർക്കുകളിലും എയർപോർട്ടുകളിലും നിലവിൽ ഉപയോഗിക്കുന്നുണ്ട്.

സാറാ ബയോടെക്കിന് കീഴിൽ സാറാ ബയോടെക് ന്യൂട്രിമെന്റ് പ്രൈവറ്റ് ലിമിറ്റഡ്, സാറാ ബയോടെക് പൗൾട്രി ആൻഡ് മീറ്റ് പ്രൈവറ്റ് ലിമിറ്റഡ്, സാറാ ആർക്കിടെക്ചർ ആൻഡ് ഇൻഫ്രാസ്ട്രെച്ചർ എന്നീ കമ്പനികൾ രൂപീകരിച്ചിട്ടുണ്ട്. യുഎഇയിൽ നിന്നും 10 മില്യൺ ഡോളർ നിക്ഷേപം സമാഹരിക്കാനും സറാ ബയോടെക്കിന് കഴിഞ്ഞു. അശ്മിൽ ശ്യാം, മുഹമ്മദ് യാസിർ, അരുൺ ജോയ് എന്നിവരാണ് ഈ സ്റ്റാർട്ടപ്പിലെ മറ്റ് ടീം അംഗങ്ങൾ. കോളേജ് വിദ്യാർത്ഥിയായിരിക്കെ സർക്കാർ സഹായത്തോടെയാടെ 12 രാജ്യങ്ങളിൽ സന്ദർശിക്കാൻ അവസരം ലഭിച്ചതായി സ്ഥാപകൻ നജീബ് ബിൻ ഹനീഫ് പറഞ്ഞു.




# ദൃഷ്ടി2024 ന് കൊച്ചിയിൽ തുടക്കം

**കൊച്ചി:** കേരള സൊസൈറ്റി ഓഫ് ഒഫ്താൽമിക് സർജൻസിന്റെ (കെഎസ്ഒഎസ്) 51ാമത് വാർഷിക സമ്മേളനം 'ദൃഷ്ടി2024' കൊച്ചിലെ മെറിഡിയൻ കൺവെൻഷൻ സെന്ററിൽ ആരംഭിച്ചു. നേത്രാരോഗ്യം, ചികിത്സ, നേത്രദാനം, നേത്ര ബാങ്കിങ്ങ് എന്നീ മേഘലകളിലെ നൂതന ശാസ്ത്ര സാങ്കേതിക വളർച്ചയും, സംസ്ഥാനത്തിന്റെ നേട്ടങ്ങളും, കൈവരിക്കേണ്ട ലക്ഷ്യങ്ങളും സമ്മേളനത്തിൽ ചർച്ചാവിഷയമാവും.

പത്മശ്രീ ഡോ. എം.ആർ. രാജഗോപാൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. നേത്രദാന രംഗത്ത് രാജ്യത്ത് ഏറ്റവും മികച്ച പ്രകടനം നടത്തുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. എന്നാൽ കോർണിയയുടെ ലഭ്യത ട്രാൻസ്പ്ലാൻറുകൾ ആവശ്യമായവരെ അപേക്ഷിച്ച് ഇപ്പോഴും കുറവാണ്. കോർണിയ അന്ധത പരിഹരിക്കപ്പെടേണ്ട 50,000ത്തോളം ആളുകൾ സംസ്ഥാനത്തുണ്ട്. ഡോ. എം.ആർ. രാജഗോപാൽ പറഞ്ഞു.

നേത്രദാനം, നേത്രബാങ്കുകളുടെ കാര്യക്ഷമത എന്നിവ അടിയന്തര പ്രശ്നമായി കണ്ട് പരിഹാരം തേടാനാണ് സമ്മേളനം ലക്ഷ്യമിടുന്നതെന്ന് സംഘാടക സമിതി ചെയർമാൻ ഡോ.സാജു ജോസഫ് പറഞ്ഞു.നൂതന സാമൂഹിക മാധ്യമങ്ങൾ ഉപയോഗിച്ച് നേത്രദാന ക്യാമ്പയിനുകൾ കൂടുതൽ വ്യാപിപ്പിക്കേണ്ടതുണ്ട്. ടെലിഓഫ്താൽമോളജി വഴി ഉൾനാടുകളിൽ നേത്ര പരിചരണം ലഭ്യമാക്കണം. ഐ ബാങ്കിംഗ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സർക്കാർ സ്വകാര്യമേഖല, എൻ.ജി.ഒ സഹകരണം വർദ്ധിപ്പിക്കുണം. ഇവയെല്ലാം പ്രായോഗിക തലത്തിൽ നടപ്പിലാക്കാനുള്ള ചർച്ചകളും സമ്മേളനം സംഘടിപ്പിക്കുന്നുണ്ടെന്ന് സയന്റിഫിക് കമ്മിറ്റി ചെയർമാൻ ഡോ. ബാസ്റ്റിൻ വി.എ. പറഞ്ഞു.ഓർഗനൈസിങ് ചെയർമാൻ ഡോ: സാജു ജോസഫ്, സയന്റിഫിക് കമ്മറ്റി ചെയർമാൻ ഡോ.ബാസ്റ്റിൻ വി.എ,ഓർഗനൈസിങ് സെക്രട്ടറി ഡോ.അലക്സ് ബേബി,ഡോ.മഹേഷ് ജി, കെ.എസ്.ഒ.എസ് പ്രസിഡന്റ് ഡോ.തോമസ് ചെറിയാൻ, ജനറൽ സെക്രട്ടറി ഡോ.ബിജു ജോൺ.സി എന്നിവർ സംസാരിച്ചു.

ഉദ്ഘാടന ചടങ്ങിൽ 20242025 കാലയളവിലെ കെഎസ്ഒഎസ്സിന്റെ 51ാമത് പ്രസിഡന്റായി ഡോ. മഹേഷ് .ജി സ്ഥാനമേറ്റു.

നേത്രചികിത്സാ രംഗത്തെ മികച്ച നേട്ടങ്ങൾക്കും ഗവേഷണങ്ങൾക്കും അംഗീകാരമായി സമ്മേളനത്തിൽ പുരസ്കാരങ്ങൾ നൽകും. ടികെ അലക്സാണ്ടർ മെമ്മോറിയൽ ഓറേഷൻ അവാർഡ്, ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡുകൾ, സയന്റിഫിക് കമ്മിറ്റി അവാർഡുകൾ, 20232024 വർഷത്തെ മികച്ച ഒഫ്താൽമിക് ക്ലബ്ബ് അവാർഡുകൾ എന്നിവ ഉൾപ്പെടുന്നതാണ് അവാർഡുകൾ.

# വിവ കേരളം ക്യാമ്പയിനിലൂടെ അസാധാരണ എച്ച്.ബി. ലെവൽ കണ്ടെത്തിയ പെൺകുട്ടിയ്ക്ക് കരുതൽ

## മെഡിക്കൽ കോളേജിലെ ശസ്ത്രക്രിയ വിജയം

**തിരുവനന്തപുരം:** വിളർച്ച മുക്ത കേരളത്തിന് സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ വിവ (വിളർച്ചയിൽ നിന്നും വളർച്ചയിലേക്ക്) കേരളം ക്യാമ്പയിനിലൂടെ ഒരു പെൺകുട്ടിയുടെ ജീവൻ രക്ഷിച്ചു. സ്കൂൾ ലെവൽ വിവ ക്യാമ്പയിനിലൂടെ നടത്തിയ പരിശോധനയെത്തുടർന്ന് ഹീമോഗ്ലോബിൻ അളവ് വളരെ കൂടിയതിനാൽ കുട്ടിയ്ക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കി. ഹൃദയത്തിന് സാരമായ പ്രശ്നമുള്ള കുട്ടിയ്ക്ക് കോട്ടയം മെഡിക്കൽ കോളേജിൽ ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ നടത്തി. വിജയകരമായ ശസ്ത്രക്രിയയിലൂടെ കുട്ടി ജീവിതത്തിലേക്ക് തിരിച്ച് വരികയാണ്. മുഴുവൻ ഫീൽഡ് തല ആരോഗ്യ പ്രവർത്തകർക്കും ശസ്ത്രക്രിയ നടത്തിയ കോട്ടയം മെഡിക്കൽ കോളേജിലെ ടീമിനും ചികിത്സ ഏകോപിപ്പിച്ച കോട്ടയം ജില്ലാ ടീമിനും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദനം അറിയിച്ചു.

കഴിഞ്ഞ വർഷം ആരംഭിച്ച സ്കൂൾ തല വിവ ക്യാമ്പയിനാണ് വഴിത്തിരിവായത്. വിളർച്ച കണ്ടെത്തുന്ന പെൺകുട്ടികൾക്കും സ്ത്രീകൾക്കും മതിയായ അവബോധവും ചികിത്സയും ലഭ്യമാക്കുകയായിരുന്നു ലക്ഷ്യം. കോട്ടയം ജില്ലയിൽ ഏറ്റവും കൂടുതൽ പെൺകുട്ടികൾ മാത്രം പഠിക്കുന്ന പാലായിലെ സ്കൂളിൽ ക്യാമ്പ് നടത്തിയപ്പോഴാണ് പന്ത്രണ്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടിയ്ക്ക് ഹീമോഗ്ലോബിൻ അളവ് ഉയർന്ന നിലയിൽ കണ്ടെത്തിയത്. പ്രാഥമിക പരിശോധനയിൽ ഹീമോഗ്ലോബിൻ അളവ് വളരെ കൂടുതൽ ആയാണ് കാണിച്ചത്.

വിവ പദ്ധതിയിൽ സ്ക്രീനിംഗ് വഴി കണ്ടെത്തുന്ന പ്രശ്നങ്ങൾക്ക് സ്ഥിരീകരണം നടത്തുന്നത് ലാബുകളിൽ രക്തപരിശോധന നടത്തിയാണ്. ലാബിൽ പരിശോധിച്ചപ്പോഴും ഹീമോഗ്ലോബിൻ അളവ് ഉയർന്നു തന്നെയായിരുന്നു. കുട്ടിയുടെ ഹൃദയത്തിന്റെ വാൽവിന് ചെറുപ്പത്തിൽ ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നെങ്കിലും ആരോഗ്യ പ്രശ്നങ്ങൾ ഇല്ലാത്തതിനാൽ ശ്രദ്ധിച്ചിലായിരുന്നു. കുട്ടിക്ക് വിദഗ്ദ്ധ ചികിത്സക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കി തുടർപരിശോധനയ്ക്ക് വിധേയമാക്കി. തുടർന്ന് ഹൃദയ വാൽവിന് ഗുരുതര പ്രശ്നമുണ്ടായതിനാൽ ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ കോട്ടയം മെഡിക്കൽ കോളേജിൽ നടത്തുകയായിരുന്നു.



# കേരളോത്സവം

**കിഴക്കമ്പലം:** കിഴക്കമ്പലം ഗ്രാമ പഞ്ചായത്തിൽ ആരംഭിച്ച കേരളോത്സവം പഞ്ചായത്ത് പ്രസിഡന്റ് മിനി രതീഷ് ഉദ്ഘടാനം ചെയ്തു.പഴങ്ങനാട് ശ്രീജേഷ് അക്കാദമിയിൽ നടന്ന ചടങ്ങിൽ ആരോഗ്യ വിദ്യാഭ്യാസ കാര്യ സ്റ്റാൻഡിംങ്ങ് കമ്മറ്റി ചെയർപേഴ്സൺ ജെനീസ് പി. കാച്ചപ്പിള്ളി വാർഡ് മെമ്പർ ഷീബ ടീച്ചർ തുടങ്ങിയവർ പങ്കെടുത്തു. ഡിസംബർ 3 വരെ നീണ്ടുനിൽക്കുന്ന കേരളോൽസവത്തിൽ വടം വലി ഉൾപെടെകലാകായിക മത്സരങ്ങൾ പഞ്ചായത്തിന്റെ വിവിധ വേദികളിൽ നടക്കും.

# സംസ്കൃത സർവ്വകലാശാല ബോക്സിംഗ് സെലക്ഷൻ ട്രയൽസ് ഡിസംബർ മൂന്നിന്

**കാലടി:** ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിനായുള്ള ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പുരുഷ,വനിത ടീമുകളെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ ട്രയൽസ് ഡിസംബർ മൂന്നിന് രാവിലെ 11ന് കാലടി മുഖ്യ ക്യാമ്പസിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. പങ്കെടുക്കുവാൻ താല്പര്യമുള്ള 2024 ജൂലൈ ഒന്നിന് 25 വയസ് പൂർത്തിയാകാത്ത വിദ്യാർത്ഥികൾ, സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പും പ്രാദേശിക കേന്ദ്രങ്ങളുടെ ഐ. ഡി. കാർഡും ക്യാമ്പസ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ എലിജിബിലിറ്റി സർട്ടിഫിക്കറ്റും സഹിതം കായിക വിഭാഗത്തിൽ യഥാസമയം ഹാജരാകണം.

# സംസ്കൃത സർവ്വകലാശാല: അദ്വൈത സെമിനാർ ഡിസംബർ രണ്ടിന്

**കാലടി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ഇന്റർനാഷണൽ സ്കൂൾ ഫോർ ശ്രീശങ്കരാചാര്യ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവത്തോട് അനുബന്ധിച്ച് ഡിസംബർ രണ്ടിന് സെമിനാർ സംഘടിപ്പിക്കുന്നു. 'അദ്വൈതത്തിന്റെ ജന്മഭൂവിൽ' എന്നതാണ് സെമിനാറിന്റെ വിഷയം. ചെന്നൈയിലെ ശ്രീ വിഷ്ണുമോഹൻ ഫൗണ്ടേഷന്റെ സഹകരണത്തോടെ എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ രാവിലെ 10 ന് ആരംഭിക്കുന്ന സെമിനാർ അശ്വതി തിരുനാൾ ഗൗരിലക്ഷ്മി ഭായി തമ്പുരാട്ടി ഉദ്ഘാടനം ചെയ്യും. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. കെ. എസ്. രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തും. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ മുൻ ഡീൻ പ്രൊഫ. വി. രാമകൃഷ്ണഭട്ട് അധ്യക്ഷനായിരിക്കും. ശ്രീശങ്കരാചാര്യ അന്താരാഷ്ട്ര പഠനകേന്ദ്രം ഡയറക്ടർ പ്രൊഫ. ശ്രീകല എം. നായർ, ശ്രീവിഷ്ണുമോഹൻ ഫൗണ്ടേഷൻ മാനേജിംഗ് ട്രസ്റ്റി സ്വാമി ശ്രീഹരിപ്രസാദ്, പ്രൊഫ. കെ. എം. സംഗമേശൻ, പ്രൊഫ. എസ്. ഷീബ എന്നിവർ പ്രസംഗിക്കും. പ്രൊഫ. പി. സി. മുരളീമാധവൻ, പ്രൊഫ. സി. എം. നീലകണ്ഠൻ, പ്രൊഫ. നാരായണൻ നമ്പൂതിരി, പ്രൊഫ. കെ. പി. ശ്രീദേവി, പ്രൊഫ. എൻ. കെ. സുന്ദരേശ്വരൻ, ഡോ. സി. എൽ. രാമകൃഷ്ണൻ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

# പ്രത്യേക പാരിതോഷികം നൽകും

**തിരുവനന്തപുരം:** കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ മക്കൾക്ക് 202324 അധ്യയന വർഷത്തിൽ പ്രത്യേക പാരിതോഷികം ലഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു.കലാകായിക, അക്കാദമിക രംഗത്ത് കേന്ദ്ര സംസ്ഥാന തലങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. വെള്ളപേപ്പറിൽ എഴുതി തയ്യാറാക്കിയ അപേക്ഷ, ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം എറണാകുളം എസ്.ആർ.എം.റോഡിലുള്ള ജില്ലാ ആഫീസിൽ ഡിസംബർ 15 ന് മുമ്പായി സമർപ്പിക്കണം.ഫോൺ:04842401632




# ലുലു ബ്യൂട്ടി ഫെസ്റ്റ് തുടങ്ങി

**കൊച്ചി :** ലുലു ഹൈപ്പർമാർക്കറ്റും ലുലു ഫേഷൻ സ്റ്റോറും വർഷം തോറും നടത്തിവരുന്ന ലുലു ബ്യൂട്ടി ഫെസ്റ്റ് സിനിമ താരങ്ങളായ ബേസിൽ ജോസഫും, നസ്രിയ നാസിമും ചേർന്നു ഉത്ഘാടനം ചെയ്തു. ചടങ്ങിൽ ലുലു ബ്യൂട്ടി ഫെസ്റ്റ് 2024 എഡിഷന്റെ

ടീ ഷർട്ടും ഇരുവരും ചേർന്നു പുറത്തിറക്കി. ബ്യൂട്ടി ഫെസ്റ്റിനോട് അനുബന്ധിച്ച് ഡിസംബർ എട്ടാം തീയതി വരെ ലുലു ഹൈപ്പർ മാർക്കറ്റിൽ ബ്യൂട്ടി പ്രോഡക്റ്റുകൾക്ക് 50% വരെ ഡിസ്കൗണ്ട് ലഭിക്കും. കൂടാതെ, തിരഞ്ഞെടുത്ത മത്സരാർത്ഥികളുടെ ലൈവ് ഗ്രൂമിങ് സെഷനും, ലൈവ് മേക്കോവറും, സ്റ്റൈലിങ്ങും നടക്കുന്നത് നേരിൽ കാണുവാനും ലുലു അവസരമൊരുക്കിയിട്ടുണ്ട്.ലുലു ബ്യൂട്ടി ഫെസ്റ്റിനോടനുബന്ധിച്ച് തിരഞ്ഞെടുക്കപ്പെട്ടവർക്ക് ഡിസംബർ നാലു മുതൽ മേക്കോവറും, ഗ്രൂമിങ് സെഷനും തുടങ്ങും എട്ടിന് നടക്കുന്ന ഗ്രാൻഡ് ഫിനാലെയിൽ

ലുലു നിവിയ ബ്യൂട്ടി ക്വീൻ, ലുലു റോയൽ മിറാജ് മാൻ ഓഫ് ദി ഇയർ എന്നീ ടൈറ്റിൽ വിജയികളേയും, മറ്റു വിജയികളേയും തിരഞ്ഞെടുക്കും. ജേതാക്കൾക്ക് നാല് ലക്ഷത്തോളം രൂപയുടെ സമ്മാനം ലഭിക്കും. പോൻഡ്സ്, ട്രെസ്സമെ എന്നീ പ്രമുഖ ബ്രാൻഡുകൾ അവതരിപ്പിക്കുന്ന ലുലു ബ്യൂട്ടി ഫെസ്റ്റ് 2024 എഡിഷൻ സ്പോൺസർ ചെയ്തിരിക്കുന്നത് ഫിയാമ, യാർഡ്‌ലി , എൻചാന്റർ, ഡർമാഫിക് എന്നീ ബ്രാൻഡുകളാണ്. പതിനെട്ടിനും മുപ്പതു വയസ്സിനും ഇടയിൽ പ്രായമുള്ളവർക്ക് ലുലു ബ്യൂട്ടി ഫെസ്റ്റിൽ പങ്കെടുക്കാം. കൊച്ചി ലുലു മാളിലെത്തി രജിസ്റ്റർ ചെയ്യുകയോ, www.lulubeatuyfest.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി രജിസ്റ്റർ ചെയ്യുകയോ ചെയ്യാം. കൂടാതെ 8848001379 എന്ന നമ്പറിലും രജിസ്റ്റർ ചെയ്യാം.

ഉദ്ഘാടന ചടങ്ങിൽ ലുലു ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ ജോപൈനേടത്ത് ,ലുലു ഗ്രൂപ്പ് ഇന്ത് ഒഞ്ഞ ഹെഡ് അനൂപ് മജീദ് , കൊച്ചി ലുലു മാൾ മാനേജർ രഷേഷ് എച് ഹെൽത്ത് & ബ്യൂട്ടി സെൻട്രൽ ബയ്യിങ് മാനേജർ റഫീഖ് അബ്ദുൾ കരീം ,കൊച്ചി ലുലുഹൈപ്പർമാർക്കറ്റ്, ഡെപ്യൂട്ടി ജനറൽ മാനേജർ ആർ .രാജീവ് , കൊച്ചി ലുലു റീറ്റയിൽ ബയ്യിങ് മാനേജർ സന്തോഷ് കുമാർ എന്നിവർ സംബന്ധിച്ചു.

# അൽമാര ബൈ പുളിമൂട്ടിൽ സിൽക്സ് ഇനി കൊച്ചിയിൽ

**കൊച്ചി:** പുളിമൂട്ടിൽ സിൽക്സ് സംരംഭമായ അൽമാരയുടെ പുതിയ ഷോറും കൊച്ചി ജോസ് ജംഗ്ഷനിൽ പ്രവർത്തനം ആരംഭിക്കുന്നു. ഡിസംബർ 5 ന് രാവിലെ 10.00 ന് വരാപ്പുഴ ആർച്ച് ബിഷപ്പ് റവ. ഡോ ജോസഫ് കളത്തിപറമ്പിൽ വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിക്കും.മന്ത്രി വീണ ജോർജ് ഉദ്ഘാടനം ചെയ്യും. കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. എം. അനിൽകുമാർ, ടി. ജെ വിനോദ് എം എൽ എ, ഉമ തോമസ് എം എൽ എ, കൊച്ചി കോർപ്പറേഷൻ കൗൺസിലർ പത്മജ എസ് മേനോൻ, കോട്ടയം ആർച്ച് ബിഷപ്പ് റവ. മാർ മാത്യു മൂലക്കാട്ട് തുടങ്ങിയവർ പങ്കെടുക്കും.എല്ലാ കാലത്തും മാറ്റങ്ങൾക്കൊപ്പം യാത്ര തുടരുന്ന പുളിമൂട്ടിൽ സിൽക്സ് പുതുമയുള്ള ഷോപ്പിംഗ് അനുഭവമാണ് കസ്റ്റമേഴ്സിനായി അൽമാരയിൽ ഒരുക്കിയിരിക്കുന്നത്. വെഡ്ഡിംഗ് ഫാഷനുകളുടെയും ഡെയ്‌ലി വെയർ ഫാഷനുകളുടെയും വലിയ ലോകമാണ്




അൽമാര. ഒരു ലക്ഷം ചതുരശ്ര അടിയിൽ ആറ് നിലകളിലായി

വുമെൻ, മെൻസ് വെയറുകളുടെ വലിയ കളക്ഷനാണ് ഇവിടെ ഒരുക്കിയിട്ടുള്ളതെന്ന് കമ്പനി ഉടമകൾ കൊച്ചിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

കാഞ്ചീപുരം ബനാറസി സാരികൾ, ഹാൻഡ് വർക്ക്ഡ് കളക്ഷൻ, കേരള സാരികൾ തുടങ്ങിയവയുടെ മികച്ച ശേഖരം അൽമാരയുടെ വെഡ്ഡിംഗ് സെക്ഷനെ ഏറ്റവും പുതമയുള്ളതാക്കുന്നു.സൽവാർ സെറ്റുകൾ, ലെഹങ്കകൾ, ഗൗണുകൾ തുടങ്ങിയവയുടെ മെറ്റീരിയലുകൾ തിരഞ്ഞെടുത്ത് യഥേഷ്ടം സ്റ്റിച്ച് ചെയ്തെടുക്കാം. കാഞ്ചീപുരം സാരികൾ കസ്റ്റമൈസ് ചെയ്ത് കൊടുക്കുന്നതായിരിക്കും. കൂടാതെ കസ്റ്റമൈസ്ഡ് സ്റ്റിച്ചിംഗിനുള്ള അവസരവും ഷോറൂമിൽ ഉണ്ടായിരിക്കും. രണ്ട് നിലകളാണ് മെൻസ് സെക്ഷനായി ഒരുക്കിയിരിക്കുന്നത്.ട്രെഡീഷണൽ വെയറുകൾ, ഡെയ്‌ലി വെയറുകൾ തുടങ്ങി ലോകോത്തര ബ്രാൻഡുകളുടെ കളക്ഷനുകളാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്. മെറ്റീരിയലുകളുടെ മികച്ച ശേഖരവുമുണ്ട്. മെൻസ് സെക്ഷനിലും കസ്റ്റമൈസേഷൻ സാധ്യമാണ്. ഡൽഹി കേന്ദ്രീകരിച്ചുള്ള ബ്രാൻഡായ ഫിലോക്കലി അൽമാരയിൽ എത്തുന്നു എന്നതാണ് മറ്റൊരു സവിശേഷത. പെർഫ് സ്റ്റിച്ചിംഗും പുതുമയുള്ള ഡിസൈനും ചേരുന്ന ഫിലോക്കലി ഏവരുടെയും ഇഷ്ടം കവരും. ഫിലോക്കലിയുടെ ക്ലാസിക് സ്യൂട്ടുകൾ, ഡെയ്‌ലി വെയറുകൾ, പാർട്ടി വെയറുകൾ തുടങ്ങിയ സ്വന്തമാക്കാവുന്നതാണ്.



# വിവാഹിതരായി

**കിഴക്കമ്പലം :** അന്ന കിറ്റെക്സ് ഗ്രൂപ്പ് ചെയർമാൻ ബോബി എം ജേക്കബിന്റെ മകൾ മിഥുനയും വൈറ്റില പടിഞ്ഞാറ്റിൽ ജോളി വർഗ്ഗീസിന്റെ മകൻ ജോർജിയും വിവാഹിതരായി

# റുപേ സോമാലാൻറ് സീസൺ അഞ്ചിന്റെ പങ്കാളിയാവും

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ ഭക്ഷ്യ, വിനോദ ആഘോഷങ്ങളിൽ ഒന്നായ സോമലാൻറിൻറെ അഞ്ചാം സീസണിൽ റുപേ പങ്കാളിയാവുന്നതോടെ ഇത് റുപെ സോമാലാൻറ് എന്ന പേരിലാവും നടത്തുക. നവംബർ 29 മുതൽ ഡിസംബർ നാലു വരെ നടത്തുന്ന പ്രീ സെയിൽ ടിക്കറ്റുകൾ റുപേ കാർഡ് ഉടമകൾക്ക് മാത്രമായി ലഭ്യമാക്കുകയും ചെയ്യും. 2025 ജനുവരി 18 നാവും റുപെ സോമാലാൻറിനു തുടക്കം കുറിക്കുക. സൊമാറ്റൊ ലൈവ് പ്രഖ്യാപിച്ച റുപേ സോമാലാൻറ് ഡെൽഹിക്കു പുറമെ മുംബൈ, ബെംഗലൂരു, പൂനെ, കൊൽക്കൊത്ത, ജയ്പൂർ, ഇൻഡോർ എന്നിവിടങ്ങളിലും എത്തും.

അതുല്യമായ അനുഭവങ്ങളും പുതുമകളുമായി എത്തുന്ന സോമാലാൻറിൻറെ അഞ്ചാം സീസണു വേണ്ടി സൊമാറ്റോയുമായി സഹകരിക്കാൻ തങ്ങൾക്കേറെ ആവേശമുണ്ടെന്ന് എൻപിസിഐ ചീഫ് മാർക്കറ്റിങ് ഓഫീസർ രമേഷ് യാദവ് പറഞ്ഞു.

ഇതു കേവലം ഉൽസവമല്ലെന്നും ഇന്ത്യയുടെ വൈവിധ്യമാർന്ന ഭക്ഷ്യ പാരമ്പര്യത്തിന്റേയും അത് ആധുനിക സംസ്കാരവുമായി ഇഴുകിച്ചേർന്നതിന്റേയും ആഘോഷം കൂടിയാണെന്നും സൊമാറ്റൊ ലൈവ് സിഇഒ സീനഹാ വിൽകാസിം പറഞ്ഞു.

# യുവസംരംഭകർക്ക് എല്ലാ സൗകര്യങ്ങളും കേരളത്തിലൊരുക്കുമെന്ന് മന്ത്രി പി. രാജീവ്

**തിരുവനന്തപുരം:** മാനവവിഭവശേഷി കേരളത്തിന്റെ ഏറ്റവും വലിയ ശക്തിയാണെന്നും യുവ സംരംഭകർ കേരളത്തിൽ തന്നെ സംരംഭങ്ങൾ വികസിപ്പിക്കണമെന്നും ഇവിടെ തന്നെ അവർക്ക് എല്ലാ സൗകര്യങ്ങളും ഒരുക്കുമെന്നും വ്യവസായ വകുപ്പ് മന്ത്രി പി രാജീവ്. കേരള സ്റ്റാർട്ടപ്പ് മിഷൻ കോവളത്ത് സംഘടിപ്പിച്ച സ്റ്റാർട്ടപ്പ് സമ്മേളനമായ ഹഡിൽ ഗ്ലോബൽ 2024ൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിങ്ങിൽ 50 ാം സ്ഥാനത്തായിരുന്ന നമ്മൾ ഇന്ന് രാജ്യത്ത് ഒന്നാം സ്ഥാനത്ത് എത്തി നിൽക്കുന്നുവെന്നത് അഭിമാനകരമാണെന്ന് മന്ത്രി പറഞ്ഞു. തൊഴിൽ ചെയ്യുന്നതിനും നിക്ഷേപം നടത്തുന്നതിനും വ്യവസായങ്ങൾ ആരംഭിക്കുന്നതിനും സഹായകരമായ സ്ഥിതിയാണ് ഇന്ന് കേരളത്തിലുള്ളത്. ആഗോള സ്ഥാപനമായ ഐബിഎം തന്നെ കൊച്ചിയിൽ രണ്ട് ക്യാംപസുകൾ തുടങ്ങിയിട്ടുണ്ട്. ദിവസേന കേരളത്തിൽ ഓരോ പുതിയ സംരംഭങ്ങൾ തുടങ്ങുകയാണ്. ചെറിയ നിലയിൽ ആരംഭിക്കുന്ന സംരംഭങ്ങൾ ഒന്നു രണ്ട് വർഷങ്ങൾക്കുള്ളിൽ തന്നെ അവരുടെ പദ്ധതികൾ വിപുലീകരിക്കുന്ന സ്ഥിതിയുമുണ്ട്.

സാമൂഹ്യ സേവന മേഖലകളിൽ പ്രത്യേകിച്ച് മാലിന്യ സംസ്കരണം പരിസ്ഥിതി സംരക്ഷണം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയമായ മുന്നേറ്റമാണ് കേരളത്തിലുണ്ടായിട്ടുള്ളത്. കേരളം ഒരു ചെറിയ സംസ്ഥാനമാണെന്ന് നമുക്കറിയാം, പക്ഷേ വിസ്തീർണത്തിലും ജനസംഖ്യയിലും മാത്രമാണ് നമ്മുടെ സംസ്ഥാനം ചെറുതായിരിക്കുന്നത്.

# കവച് പദ്ധതി; രജിസ്ട്രേഷൻ ഉദ്ഘാടനം ഇന്ന്

**കൊച്ചി:** ഡൗൺസിൻഡ്രോം, ഓട്ടിസം അവസ്ഥകളിലുള്ള കുട്ടികൾക്കും , അൽഷിമേഴ്സ്,ഡിമെൻഷ്യ ബാധിച്ച മുതിർന്നവരെയും സഹായിക്കാൻ ഡേ ഡ്രീംസ് കൂട്ടായ്മയുടെ നേതൃത്വത്തിൽ ഇവരുടെ വിവരങ്ങളടങ്ങിയ ബ്രേസ് ലെറ്റ്, പെൻഡന്റ് എന്നിവ നിർമ്മിച്ച് നൽകുന്ന കവച് പദ്ധതിയുടെ ലോഗോ പ്രകാശനവും രജിസ്ട്രേഷൻ ഉദ്ഘാടനവും ഇന്ന് രാവിലെ 11 ന് കലൂർ ഐ.എം.എ ഹൗസിൽ നടക്കും. ഇൻഡ്യൻ റേഡിയോളജിക്കൽ ആന്റ് ഇമേജിംഗ് അസോസിയേഷൻ (ഐ.ആർ.ഐ.എ) ദേശീയ സമ്മേളനത്തിന്റെ ഉദ്ഘാടന വേദിയിൽ വെച്ച് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ഹരിശങ്കർ വി. മേനോൻ പദ്ധതിയുടെ ലോഗോ പ്രകാശനവും റെഡ് ക്രോസ് കേരള ചെയർമാൻ അഡ്വ. കെ. രാധാകൃഷ്ണൻ രജിസ്ട്രേഷൻ ഉദ്ഘാടനവും നിർവ്വഹിക്കും. ഐ.ആർ.ഐ.എ കേരള ചാപ്റ്ററിന്റെ 2025 ലെ പ്രസിഡന്റ് ഡോ. റിജോ മാത്യു, ഐ.ആർ.ഐ.എ കൊച്ചിൻ ചാപ്റ്റർ പ്രസിഡന്റ് ഡോ. രമേഷ് ഷേണായ് തുടങ്ങിയവർ പങ്കെടുക്കും.

# സൺഫീസ്റ്റ് ഡാർക്ക് ഫാന്റസി ആരാധകർക്ക് അല്ലു അർജുനെ കാണാൻ അവസരം

**കൊച്ചി:** പ്രമുഖ കുക്കി ബ്രാൻഡായ സൺഫീസ്റ്റ് ഡാർക്ക് ഫാന്റസി, പ്രേക്ഷകർ ആകാംക്ഷയോടെ കാത്തിരിക്കുന്ന പുഷ്പ 2: ദി റൂൾ എന്ന സിനിമയുമായി പങ്കാളിത്തം പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി രണ്ടിനം ലിമിറ്റഡ് എഡിഷൻ പാക്കുകളും സിനിമയുടെ റിലീസിനു മുന്നോടിയായി സൺഫീസ്റ്റ് ഡാർക്ക് ഫാന്റസി പുറത്തിറക്കി. അല്ലു അർജുന്റെ പുഷ്പ ലുക്കിലുള്ള എക്സ്ക്ലൂസീവ് ഇമേജ് ഈ പാക്കുകളിലുണ്ട്. ഒപ്പം ബിഗസ്റ്റ് ഫാൻ ബിഗസ്റ്റ് ഫാന്റസി എന്ന മത്സരത്തിലൂടെ അല്ലു അർജുനെ കാണാനുള്ള അവസരവും ഉപയോക്താക്കൾക്കായി അവതരിപ്പിച്ചു. ഈ ക്യാമ്പെയ്ന്റെ മൈക്രോസൈറ്റായ ംംംയശഴഴലളേമിയശഴഴലളേമിമ്യ.രീ ലെ ഓഗ്മെന്റഡ് റിയാലിറ്റി (എആർ) ഫിൽറ്റർ ഉപയോഗിച്ച് സെൽഫിയെടുത്ത് ബ്രാൻഡിനെ ടാഗു ചെയ്ത് സോഷ്യൽ മീഡിയാ പ്ലാറ്റ്ഫോമുകളിൽ പോസ്റ്റു ചെയ്യണം. മറ്റു സമ്മാനങ്ങൾക്കൊപ്പം പുഷ്പാ താരത്തെ നേരിട്ടു കാണാനുള്ള അവസരമാണ് ഈ മത്സരത്തിലൂടെ നൽകുന്നത്.പുഷ്പയോടും ഡാർക്ക് ഫാന്റസിയോടുമുള്ള ആരാധകരുടെ തീക്ഷ്ണമായ വികാരവായ്പും അടുത്ത ബന്ധവും ആഘോഷിക്കുന്നതാണ് പുതിയ ക്യാമ്പെയ്നെന്ന് ഐടിസി ബിസ്കറ്റ്സ് ആൻഡ് കേക്ക്സ് ക്ലസ്റ്റർ സിഒഒ അലി ഹാരിസ് ഷെരെ പറഞ്ഞു.സൺഫീസ്റ്റ് ഡാർക്ക് ഫാന്റസിയുടെ ലിമിറ്റഡ് എഡിഷൻ പുഷ്പാ പാക്കുകൾ രാജ്യമെമ്പാടുമുള്ള ജനറൽ സ്റ്റോറുകൾ, മോഡേൺ സ്റ്റോറുകൾ, ഇകോമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവകളിൽ ലഭ്യമാണ്.

# എൻപിഎസ്: കോർപറേറ്റ് ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു

**കൊച്ചി:** പെൻഷൻ ഫണ്ട് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി (പിഎഫ്ആർഡിഎ) കൊച്ചിയിൽ നാഷണൽ പെൻഷൻ പദ്ധതിയെ കുറിച്ച് കോർപറേറ്റ് ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. റിട്ടയർമെന്റ് പ്ലാനിങിൽ ഈ പദ്ധതിക്കുള്ള നിർണായ പങ്കിനെ കുറിച്ചും കോർപറേറ്റുകളേയും വ്യക്തികളേയും ഇതിൽ പങ്കാളികളാക്കുന്നതിനെ കുറിച്ചും അവബോധം വളർത്താനാണ് ഫിക്കിയുമായി സഹകരിച്ച് ഈ പരിപാടി സംഘടിപ്പിച്ചത്.

പിഎഫ്ആർഡിഎ ചെയർമാൻ ഡോ. ദീപക് മൊഹന്തി മുഖ്യ പ്രഭാഷണം നടത്തി. മുതിർന്ന പൗരൻമാരുടെ എണ്ണം വർധിച്ചു വരുന്നതും മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യ സാഹചര്യങ്ങളും കണക്കിലെടുത്ത് ഇന്ത്യയിൽ റിട്ടയർമെന്റ് പ്ലാനിങ് സ്വീകരിക്കേണ്ടതിന്റെ അടിയന്തര ആവശ്യം അദ്ദേഹം ചൂണ്ടിക്കാട്ടി. പിഎഫ്ആർഡിഎ ചീഫ് ജനറൽ മാനേജർ സുമിത്ത് കുമാർ, കൊച്ചി കപ്പൽശാല ജനറൽ മാനേജർ എ കെ സുഭാഷ്സ എച്ച്ഡിഎഫ്സി പെൻഷൻ മാനേജുമെന്റ് വൈസ് പ്രസിഡന്റ് സൗരഭ് ചതുർവേദി തുടങ്ങിയവർ എൻപിഎസ് റിട്ടയർമെന്റ് പദ്ധതിയുടെ നേട്ടങ്ങളെ കുറിച്ചു സംസാരിച്ചു.

എൻപിഎസിൽ കൂടുതൽ കോർപറേറ്റ് പങ്കാളിത്തം ലക്ഷ്യമിട്ട് പിഎഫ്ആർഡിഎ നടത്തുന്ന പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് കൊച്ചിയിൽ ഈ പരിപാടി സംഘടിപ്പിച്ചത്. തൊഴിലുടമകൾക്കും തൊഴിലാളികൾക്കും എൻപിഎസ് ലഭ്യമാക്കുന്ന വിപുലമായ അവസരങ്ങൾ ഇതിലൂടെ ഉയർത്തിക്കാട്ടി.

ഈ വർഷം നവംബറിലെ കണക്കുകൾ പ്രകാരം എൻപിഎസിലും അടൽ പെൻഷൻ യോജനയിലും ആകെ കൈകാര്യം ചെയ്യുന്ന ആസ്തികൾ 13.4 ലക്ഷം കോടി രൂപയാണ്. 7.9 കോടി വരിക്കാരുമുണ്ട്.കേരളത്തിൽ എൻപിഎസ് സ്വീകരിക്കുന്ന കാര്യത്തിൽ പ്രോൽസാഹനജനകമായ വളർച്ചയാണു ദൃശ്യമാകുന്നത്. എൻപിഎസിലെ സ്വകാര്യ മേഖലയിലെ അക്കൗണ്ടുകളിൽ 3.38 ശതമാനം കേരളത്തിൽ നിന്നാണ്. കേരളത്തിൽ നിന്നുള്ള 216 കോർപറേറ്റുകൾ എൻപിഎസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ദേശീയ തലത്തിൽ 18,152 കോർപറേറ്റുകളാണ് തങ്ങളുടെ ജീവനക്കാർക്കായി ഈ പദ്ധതി സ്വീകരിച്ചിട്ടുള്ളത്.




# വൈപ്പിൻ ഫോക് ലോർ ഫെസ്റ്റ് ഡിസംബർ ഒന്നു മുതൽ 31 വരെ നടക്കും

**കൊച്ചി:** വൈപ്പിൻ ഫോക് ലോർ ഫെസ്റ്റ് ഡിസംബർ ഒന്നു മുതൽ 31വരെ ദ്വീപിലെ വിവിധ വേദികളിൽ നടക്കുമെന്ന് vഎഫ്എഫ് 24 സംഘാടക സമിതി ചെയർമാൻ കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.ഫെസ്റ്റിന്റെ ഉദ്ഘാടനം മൂന്നിന് വൈകുന്നേരം നാലു മണിക്ക് വല്ലാർപാടം ആൽഫാ ഹൊറൈസണിൽ നിയമസഭ സ്പീക്കർ എ എൻ ഷംസീർ നിർവ്വഹിക്കും. കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ അധ്യക്ഷനാകും.വിജ്ഞാനവും വിനോദവും സമന്വയിക്കുന്ന ഫോക് ലോർ ഫെസ്റ്റ് വൈപ്പിൻ മണ്ഡലത്തിന്റെ സുസ്ഥിരവും സമഗ്രവുമായ വികസനമാണ് ലക്ഷ്യമിടുന്നത്. പ്ലാൻ@എർത്ത് എന്ന എൻജിഒ മണ്ഡലത്തിലെ സ്ത്രീകൾക്കു നൽകിയ പാചക പരിശീലനത്തിന്റെ ഭാഗമായി അടുക്കളകൾക്കു അവധി നൽകുന്ന 'കിച്ചൺ ബന്ദ് ' ഡിസംബർ ഒന്നിനും ഫുഡ് ഫെസ്റ്റിവൽ തുടർന്നു മൂന്നുവരെയും കുഴുപ്പിള്ളി ബീച്ചിൽ നടക്കും. ഷോയും മണൽ ശിൽപ നിർമാണ മത്സരവും വിവിധ കലാപരിപാടികളും കുഴുപ്പിള്ളി ബീച്ചിൽ അരങ്ങേറും.

ഫെസ്റ്റിന്റെ ഭാഗമായ 'മധുരം മലയാളം കവിത്രയം പുനർജനിക്കുന്നു' പരിപാടിയുടെ ഭാഗമായി സ്കൂളുകളിൽ കുട്ടികൾക്കായി സംഘടിപ്പിച്ച കവിതകളുടെ സംഗീതാവിഷ്കാരം, ക്വിസ്, പ്രസംഗ മത്സര വിജയികൾക്ക് മൂന്നിന് വല്ലാർപാടം ആൽഫാ ഹൊറൈസണിൽ പുരസ്കാരം നൽകും. ആമുഖമായി റവന്യൂ ജില്ലാ ജേതാക്കളായ എസ്എംഎച്ച്എസ് ചെറായി അവതരിപ്പിക്കുന്ന നാടൻ പാട്ട്. തുടർന്ന് അന്നു തന്നെ എറണാകുളം ജില്ലയിലെ വിവിധ ഉപവിദ്യാഭാസ ജില്ലകളിലെ ഹൈസ്കൂൾ, എച്ച്എസ്എസ്, വിഎച്ച്എസ്എസ് വിദ്യാർത്ഥികൾക്കായി മെഗാ ക്വിസ് മത്സരം നടത്തും. ആദ്യ മൂന്നു സ്ഥാനം നേടുന്നവർക്ക് പുരസ്കാരങ്ങളും പങ്കെടുക്കുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റും നൽകും. വൈകിട്ട് ആറു മുതൽ കേരള കലാമണ്ഡലം അവതരിപ്പിക്കുന്ന നൃത്തനൃത്യങ്ങൾ.

ഒൻപതു മുതൽ 13 വരെ വിവിധ വിഷയങ്ങളെ ആസ്പദമാക്കി വിദഗ്ധർ പങ്കെടുക്കുന്ന സെമിനാറുകൾ ജസ്റ്റിസ് കെ കെ ദിനേശൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാന സാംസ്കാരിക വകുപ്പ് ആരംഭിച്ച സർവ്വമത സമ്മേളന വാർഷികത്തിന്റെ സംസ്ഥാന തല സമാപനം ചെറായി വി വി സഭാഹാളിൽ 21, 22, 23 തീയതികളിൽ ഫെസ്റ്റിന്റെ ഭാഗമായി നടക്കും.

21മുതൽ 26വരെ സെവൻസ് ഫുട്ബോൾ ടൂർണമെന്റ്, വാട്ടർ സ്പോർട്സ് എന്നിവയുണ്ടാകും. സംസ്ഥാന തല ഒപ്പന മത്സരം എടവനക്കാട് പുളിക്കനാട്ട് ഓഡിറ്റോറിയത്തിൽ അരങ്ങേറും. കലാമണ്ഡലത്തിന്റെ നൃത്തനൃത്യങ്ങളും അരങ്ങേറും.

വിവിധ വേദികളിൽ ഗാനമേള ഉൾപ്പെടെ നടക്കും. കുഴുപ്പിള്ളി ബീച്ചിൽ കുട്ടികൾക്കായി പട്ടം നിർമ്മാണം പറത്തൽ, ഗ്രേറ്റർ കൊച്ചിൻ കൾച്ചറൽ ഫോറത്തിന്റെ സഹായത്തോടെ ബീച്ച് ഗുസ്തി, വടംവലി, 100 കവികൾ പങ്കെടുക്കുന്ന കാവ്യ സദസ് , ഫിലിം ഫെസ്റ്റ് ചർച്ച എന്നിവയും നടക്കും. ക്രിസ്മസിന്റെ ഭാഗമായി എറണാകുളം മറൈൻ ഡ്രൈവ് ഹെലിപാഡിൽ നിന്ന് ബോൾഗാട്ടി ജംഗ്ഷൻ വരെ പപ്പാഞ്ഞിമാരുടെ യാത്രയും സംഗമവും നടക്കും.

ആയിരം പപ്പാഞ്ഞിമാർ അണിചേരും. 31നു അർധരാത്രിയോടെ ഫെസ്റ്റ് സമാപിക്കും.ജനറൽ കൺവീനർ കെ എസ് നിബിൻ, പ്രോജക്റ്റ് കോർഡിനേറ്റർ ബോണി തോമസ്, ഖജാൻജി സുനിൽ ഹരീന്ദ്രൻ, പ്ലാനറ്റ് എർത്ത് പ്രസിഡന്റ് മുജീബ് മുഹമ്മദ്, ഗ്രേറ്റർ കൊച്ചിൻ കൾച്ചറൽ ഫോറം പ്രസിഡന്റ് ഷൈൻ ആന്റണി എന്നിവരും എറണാകുളം പ്രസ് ക്ലബിൽ നടന്ന വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# സിഎംഎഫ്ആർഐ വിജിലൻസ് ബോധവൽകരണം നടത്തി

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) വിജിലൻസ് ബോധവൽകരണ കാമ്പയിൻ സമാപിച്ചു. സമാപന സംഗമം ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ അഡ്വ ടി എ ഷാജി ഉദ്ഘാടനം ചെയ്തു. അഴിമതിക്കെതിരെയുള്ള പോരാട്ടം വ്യകതിഗത ഉത്തരവാദിത്തമാണെന്ന് അദ്ദേഹം പറഞ്ഞു. ദൈനംദിന ജീവിതത്തിൽ നീതിയും സത്യസന്ധതിയുമുള്ളവരാകാൻ ഓരോരുത്തരും ജാഗ്രത കാണിക്കണം. ചെറിയ കാര്യങ്ങളിൽ പോലും ജാഗ്രത പുലർത്തുന്നത് സമൂഹത്തിൽ സമൂഹത്തിൽ വലിയ മാറ്റത്തിന് വഴിതുറക്കുമെന്നും അദ്ദേഹം പറഞ്ഞു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിച്ചു.രണ്ടാഴ്ച നീണ്ടുനിന്ന കാമ്പയിനിൽ, ഫ്ലാഷ് മോബ്, സ്കൂൾ വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും മത്സരങ്ങൾ, വിവിധ വിഷയങ്ങളിൽ ബോധവൽകരണ ക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിച്ചു. മത്സരത്തിലെ വിജയികൾക്ക് സമാപന സംഗമത്തിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. വിജിലൻസ് ഓഫീസർ ഡോ ജെ ജയശങ്കർ, ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഹരീഷ് നായർ എന്നിവർ സംസാരിച്ചു.



# ഇന്ത്യയിലെ ആദ്യത്തെ റോബോപാർക്ക് തൃശൂരിൽ; 350 കോടിയുടെ നിക്ഷേപം

**തിരുവനന്തപുരം:** ഇന്ത്യയിലെ ആദ്യത്തെ റോബോ പാർക്ക് ത്രിശൂരിൽ സ്ഥാപിക്കപെടും. തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇൻകർ റോബോട്ടിക്സ് ആണ് പദ്ധതി നടപ്പാക്കുന്നത് . തിരുവനന്തപുരം കോവളത്ത് നടക്കുന്ന ഹഡിൽ ഗ്ലോബൽ 2024 ൽ ഇൻകർ റോബോട്ടിക്സും കേരള സ്റ്റാർട്ടപ്പ് മിഷനും പദ്ധതിയുമായി ബന്ധപ്പെട്ട കരാർ ഒപ്പുവച്ചു.

യുനെസ്കോ ഗ്ലോബൽ നെറ്റ്വർക്ക് ഓഫ് ലേണിംഗ് സിറ്റികളായി (ജിഎൻഎൽസി) അംഗീകരിച്ച മൂന്ന് ഇന്ത്യൻ നഗരങ്ങളിലൊന്നായ തൃശ്ശൂരിൽ 10 ഏക്കർ സ്ഥലത്ത് മൊത്തം 350 കോടി രൂപയുടെ നിക്ഷേപത്തോടെയാണ് റോബോപാർക്ക് സ്ഥാപിക്കുക. റോബോ ലാൻഡ്, ടെക്നോളജി അക്കാദമി, ഫ്യൂച്ചറിസ്റ്റെക്, ഇൻകുബേറ്റർ എന്നീ നാല് വെർട്ടിക്കലുകൾ ഉൾക്കൊള്ളുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഇൻകർ റോബോട്ടിക്സ് 50 കോടി രൂപ നിക്ഷേപിക്കും. തൃശ്ശൂർ ജില്ലാ പഞ്ചായത്താണ് കെ. എസ്. യു. എമ്മിന് ഭൂമി നൽകിയത്, അത് റോബോപാർക്ക് സ്ഥാപിക്കുന്നതിനായി ഇൻകർ റോബോട്ടിക്സുമായി കരാറിൽ ഏർപ്പെട്ടു. സാങ്കേതിക ടൂറിസം, സാങ്കേതിക വിദ്യാഭ്യാസം, നൈപുണ്യ വികസനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, വ്യവസായ സഹകരണം എന്നിവയ്ക്കായി ഒരു ഊർജ്ജസ്വലമായ ഹബ് സൃഷ്ടിക്കാൻ ഈ മേഖലകൾ ലക്ഷ്യമിടുന്നു.



പുതിയ സംരംഭത്തെക്കുറിച്ച് ഇൻകർ റോബോട്ടിക്സ് സ്ഥാപകൻ രാഹുൽ പി ബാലചന്ദ്രൻ പറഞ്ഞു, 'ഭാവിയിലെ സാങ്കേതികവിദ്യകളിലേക്കുള്ള പ്രവേശനം ജനാധിപത്യവൽക്കരിക്കുന്നതിനും ആളുകൾക്ക് അവരുടെ ആശയങ്ങൾ നവീകരിക്കാനും പഠിക്കാനും സവിശേഷമായ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നതിനുമുള്ള ഇൻകർ റോബോട്ടിക്സിന്റെ കാഴ്ചപ്പാടിനെ ഈ സംരംഭം പ്രതിഫലിപ്പിക്കുന്നു. ഈ ആധുനിക സൗകര്യം എല്ലാവർക്കും മുന്നേറ്റ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനായി സമർപ്പിച്ചതാണ്, അതേസമയം നമ്മുടെ ഇൻക്യൂബേറ്റർ സംരംഭകരെ അവരുടെ ആശയങ്ങളെ ഇന്നത്തെ മത്സരാധിഷ്ഠിത ലോകത്ത് വിജയകരമായ സംരംഭങ്ങളാക്കാൻ കരുത്തരാക്കും. ഹഡിൽ 2024 ൽ, ഞങ്ങൾ പ്രധാന നിക്ഷേപകരുമായി കൂടിക്കാഴ്ച നടത്തുകയും വളർന്നുവരുന്ന സാങ്കേതിക മേഖലയുടെ വലിയ സാധ്യതകളെ അവതരിപ്പിക്കുകയും, റോബോപാർക്കിന്റെ സംവിധാനത്തിലേക്ക് വിലപ്പെട്ട ഗവേഷണങ്ങളും വിഭവങ്ങളും ഉൾപ്പെടുത്തുന്നതിനായി അക്കാദമിക മേഖലയുമായി ചർച്ചകൾ ആരംഭിക്കുകയും ചെയ്തു.

'ഓരോ വർഷവും, റോബോപാർക്ക് സമഗ്രമായ മൂല്യനിർണ്ണയത്തിന് ശേഷം 10ലധികം സ്റ്റാർട്ടപ്പുകളെ തിരഞ്ഞെടുക്കുകയും അതിന്റെ പ്രോഗ്രാമുകളിലൂടെ ധനസഹായം, മാർഗ്ഗനിർദ്ദേശം, പരിശോധന, വിപണി പിന്തുണ എന്നിവ നൽകുകയും ചെയ്യും.' എന്ന് രാഹുൽ കൂട്ടിച്ചേർത്തു.

ആധുനിക സാങ്കേതികവിദ്യയെ ആകർഷകവും പ്രാപ്യവുമാക്കുന്നതിന് വിദ്യാഭ്യാസവും വിനോദവും സംയോജിപ്പിച്ച് എല്ലാ പ്രായക്കാർക്കുമുള്ള ഒരു സംവേദനാത്മക സാങ്കേതിക കേന്ദ്രമാണ് പാർക്കിന്റെ റോബോ ലാൻഡ്. ഇത് ഫ്യൂച്ചർവേഴ്സ്, മേക്കർ സ്പേസ്, ഓറിയന്റേഷൻ സോൺ, ഇക്കോ പാർക്ക് എന്നിവ ഉൾക്കൊള്ളുന്നു. സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ കഴിവുകളുള്ള പുതുമുഖങ്ങളെയും പ്രൊഫഷണലുകളെയും സംരംഭകരെയും ശാക്തീകരിക്കുന്ന ഭാവിയെ കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസ കേന്ദ്രമാണ് ടെക്നോളജ് അക്കാദമി. വളർന്നുവരുന്ന സാങ്കേതികവിദ്യകളിലെ നൈപുണ്യ വികസനം, വ്യവസായവുമായി ബന്ധപ്പെട്ട ശിൽപശാലകൾ, നൂതന പഠന അന്തരീക്ഷം എന്നിവയിൽ ഇത് ശ്രദ്ധ കേന്ദ്രീകരിക്കും.

ഗവേഷകരുടെ യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കുന്ന ഗവേഷണ വികസനത്തിൽ ഫ്യൂച്ചറിസ്റ്റെക് നിർണായക പങ്ക് വഹിക്കും. വാണിജ്യവൽക്കരണത്തിനും സാമൂഹിക സ്വാധീനം, വ്യവസായ സഹകരണം, നൂതന ഗവേഷണ വികസനം, സുസ്ഥിരവും സമഗ്രവുമായ പുതുമകൾ എന്നിവയ്ക്കായി ഉൽപ്പന്ന വികസനത്തിനായി ഫ്യൂച്ചറിസ്റ്റെക് പ്രവർത്തിക്കും.

അതേസമയം, സംരംഭകരെയും നൂതന ആശയങ്ങൾ ഉള്ളവരെയും അവരുടെ ആശയങ്ങളെ വിപണിയിലെത്തിക്കാൻ സഹായിക്കുന്നതിനാണ് റോബോപാർക്കിലെ ഇൻകുബേറ്റർ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതിൽ ഘടനാപരമായ ഇൻകുബേഷൻ പ്രോഗ്രാമുകൾ, വിദഗ്ധ മാർഗ്ഗനിർദ്ദേശം, നൂതന പ്രോട്ടോടൈപ്പിംഗ് ലാബുകളിലേക്കുള്ള പ്രവേശനം എന്നിവ ഉണ്ടായിരിക്കും. സ്റ്റാർട്ടപ്പ് ഇൻകുബേഷൻ പ്രോഗ്രാമുകൾ, ട്രിപ്പിൾ മെന്റർഷിപ്പ് മോഡൽ, നെറ്റ്വർക്കിംഗ്, ഫണ്ടിംഗ് അവസരങ്ങൾ എന്നിവയ്ക്കായി ഇത് പ്രവർത്തിക്കും.

### അന്താരാഷ്ട്ര തട്ടിപ്പ് ബോധവൽക്കരണ വാരാഘോഷം 2024

## ഇൻഷുറൻസ് തട്ടിപ്പിനെതിരെ ഒന്നിച്ച് പോരാടാം : വിക്രംജിത് സിംഗ്

**മുംബൈ:** അന്താരാഷ്ട്ര തട്ടിപ്പ് ബോധവൽക്കരണ വാരത്തിലേക്ക് കടക്കുമ്പോൾ, ഇൻഷുറൻസ് തട്ടിപ്പുകളുടെ പ്രശ്നങ്ങളെക്കുറിച്ചും അതിനെ നേരിടാൻ ആവശ്യമായ കൂട്ടായ പരിശ്രമങ്ങളെക്കുറിച്ചും ചിന്തിക്കേണ്ട സമയമാണിതെന്ന് ബജാജ് അലയൻസ് ജനറൽ ഇൻഷുറൻസ്, എച്ച്ആർ, ഐഎൽഎം ആന്റ് അഡ്മിനിസ്ട്രേഷൻ മേധാവി വിക്രംജിത് സിംഗ് പറഞ്ഞു. അടിസ്ഥാന സൗകര്യങ്ങൾ, വാഹനനിർമ്മാണം, ആരോഗ്യസംരക്ഷണം, കൃഷി തുടങ്ങിയ മേഖലകളോടും എന്തിന് സമൂഹത്തോട് പോലും ഇൻഷുറൻസ് ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. വ്യക്തികൾക്കും ബിസിനസുകൾക്കും ആവശ്യമായ സാമ്പത്തിക സുരക്ഷ നൽകിക്കൊണ്ട് സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിൽ ഇത് പ്രധാന പങ്ക് വഹിക്കുന്നു. ഇൻഷുറൻസിന് പല നേട്ടങ്ങൾ ഉണ്ടായിരുന്നിട്ടും അത് വാങ്ങാൻ ആളുകൾ മടി കാണിക്കുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാക്കേണ്ടത് പ്രധാനമാണ്. ഇൻഷുറൻസ് വ്യവസായം മുഴുവനായും സംയോജിപ്പിച്ചാലും, യഥാർത്ഥത്തിൽ പ്രീമിയം പേമെന്റുകളായി ലഭിക്കുന്ന പണത്തേക്കാൾ കൂടുതൽ പണം ക്ലെയിമുകളായി നൽകുന്നുണ്ട്. എന്നിട്ടും, ഇൻഷുറൻസ് വാങ്ങിയാൽ, ക്ലെയിം ലഭിക്കുമോ ഇല്ലയോ എന്ന ആശയകുഴപ്പത്തിലാണ് പലപ്പോഴും ആളുകൾ.

BAJAJ
Allianz
Caringly yours

ഈ ആശയക്കുഴപ്പത്തിനുള്ള പ്രധാന കാരണങ്ങളിലൊന്ന് ഇൻഷുറൻസ് തട്ടിപ്പാണ്, ഇതുമൂലം ഇന്ത്യൻ ഇൻഷുറൻസ് വ്യവസായത്തിന് പ്രതിവർഷം കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് സംഭവിക്കുന്നത്.

വഞ്ചനാപരമായ ക്ലെയിമുകൾ ക്ലെയിം അനുപാതങ്ങൾ വർദ്ധിപ്പിക്കുന്നു, അതിന്റെ ഫലമായി പ്രീമിയം ചെലവുകൾ വർദ്ധിക്കുകയും വിശ്വാസ്യതയിൽ കുറവ് അനുഭവപ്പെടുകയും ചെയ്യുന്നു. ഇത്തരം ദുഷ്പ്രവണതകൾ വ്യവസായത്തിന്റെ വളർച്ചയെ തടസ്സപ്പെടുത്തുകയും സമൂഹത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.എല്ലാ ഇൻഷുറൻസ് ഉടമ്പടികളുടെയും അടിസ്ഥാനം തത്വം 'മികച്ച നല്ല വിശ്വാസം' എന്നാണ്, അതനുസരിച്ച് എല്ലാ കക്ഷികളും സത്യസന്ധമായി പെരുമാറുകയും ശരിയായ വിവരങ്ങൾ വെളിപ്പെടുത്തുകയും വേണം. ക്ലെയിമുകളുടെ വേഗത്തിലുള്ള പ്രോസസ്സിംഗും കാര്യക്ഷമമായ പേമെൻറുകളും ക്ലെയിം ചെയ്യുന്നവരെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കരകയറാൻ സഹായിക്കുകയും ചെയ്യും.

എന്നിരുന്നാലും, തട്ടിപ്പ് വിശ്വാസ്യതയെ ദുർബലപ്പെടുത്തുകയും യഥാർത്ഥ ക്ലെയിമുകൾ കാര്യക്ഷമമായി നടത്താനുള്ള ഇൻഷുറർമാരുടെ കഴിവിൽ ആളുകൾ സംശയം പ്രകടിപ്പിക്കുകയും ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

## സിഫ്റ്റിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു

**കൊച്ചി:** ന്യൂഡൽഹിയിലെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ധനസഹായത്തോടെ കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്റ്റിൽ 'എക്സ്ട്രൂഷൻ, ബേക്കിംഗ് എന്നീ രീതികൾ ഉപയോഗിച്ച് ചെറുധാന്യങ്ങളും മത്സ്യവും ചേർന്ന ഭക്ഷണ ഉത്പന്നങ്ങൾ തയ്യാറാക്കുന്നതിനെക്കുറിച്ചുള്ള ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. ചെറുധാന്യങ്ങളും മത്സ്യവും സംയോജിപ്പിച്ച് എക്സ്ട്രൂഷനും ബേക്ക് ചെയ്തതുമായ സമ്പൂർണ പോഷക ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ സാങ്കേതികവിദ്യകളെ കുറിച്ചും സംരംഭകതസാധ്യതകളെ കുറിച്ചും ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് ശിൽപ്പശാലയുടെ ലക്ഷ്യം.

സിഫ്ട് ഡയറക്ടർ ഡോ. ജോർജ് നൈനാൻ ശിൽപശാല ഉദ്ഘാടനം ചെയ്തു. മത്സ്യസംസ്കരണ മേഖലയിൽ നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിനും സുരക്ഷിതമായ മൂല്യവർധിത മത്സ്യ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പരിശീലന വേദിയാണ് ഈ ശിൽപശാലയെന്ന് ഡോ ജോർജ്ജ് നൈനാൻ പറഞ്ഞു. സിഫ്റ്റിലെ ഫിഷ് പ്രോസസ്സിംഗ് വിഭാഗം മേധാവി ഡോ. ബിന്ദു ജെ, സിഫ്റ്റിലെ സീനിയർ സയന്റിസ്റ്റ് ഡോ. രമ്യ എസ്, ഡോ. സി.ഒ. മോഹൻ എന്നിവർ സെഷനുകൾ എടുത്തു. കേരളത്തിലെ വിവിധ ജില്ലകളിലെ സംരംഭകർ, കർഷകർ, മത്സ്യത്തൊഴിലാളികൾ തുടങ്ങി 25 ഓളം പേർ ശിൽപ്പശാലയിൽ പങ്കെടുത്തു.

## ഐഐടിഎഫ് 2024ലെ സെബി ഭാരത് കാ ഷെയർ ബസാർ പവിലിയനിൽ ആംഫിയും

**കൊച്ചി:** ഇന്ത്യ അന്താരാഷ്ട്ര ട്രേഡ് ഫെയർ 2024ലെ (ഐഐടിഎഫ്) സെബിയുടെ 'ഭാരത് കാ ഷെയർ ബസാർ' പവിലിയനിൽ ഇന്ത്യയിലെ മ്യൂചൽ ഫണ്ടുകളുടെ അസോസിയേഷനും (ആംഫി) പങ്കാളികളായി. സന്ദർശകരിൽ സാമ്പത്തിക അവബോധം വളർത്തുകയും ഓഹരി വിപണിയിലെ സാധ്യതകളെ കുറിച്ച് ബോധവൽക്കരിക്കുകയും ചെയ്യുകയാണ് ന്യൂഡൽഹിലെ പ്രഗതി മൈതാനിയിൽ നട ഈ പ്രദർശനത്തിലെ പങ്കാളിത്തത്തിലൂടെ ലക്ഷ്യമിട്ടത്.20 അസറ്റ് മാനേജുമെന്റ് കമ്പനികളാണ് ഇവിടെ സാമ്പത്തിക സാക്ഷരത വർധിപ്പിക്കുക എ ലക്ഷ്യവുമായി ഒത്തു ചേരുത്. മ്യൂചൽ ഫണ്ടുകളെ കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ ഇവിടെ ലഭ്യമാക്കി.

സൊസൈറ്റി ടുഡേ
SOCIETY TODAY




# കളിയും കാര്യവും : ഫെഡറൽ ബാങ്കിന്റെ ബോധവൽക്കരണ പരിപാടിക്ക് തുടക്കം

**കൊച്ചി:** മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിക്കുന്നത് വഴി കുട്ടികൾ അമിത 'സ്ക്രീൻ ടൈമിന്' ഇരകളാവുന്നതു തടയാനായി ഫെഡറൽ ബാങ്ക് നടപ്പാക്കുന്ന സംസ്ഥാനതല ബോധവൽക്കരണ പരിപാടിയ്ക്ക് ജില്ലയിൽ തുടക്കമായി. 'കളിയും കാര്യവും' എന്ന പേരിലുള്ള പരിപാടി കേന്ദ്രീയ വിദ്യാലയ കടവന്ത്രയിലും തിരുവാണിയൂർ കൊച്ചിൻ റിഫൈനറീസ് സ്കൂളിലുമായി ആരംഭിച്ചു. അമിതമായ സ്ക്രീൻ ഉപയോഗത്തിന്റെ ദോഷങ്ങൾ, ലഘു സമ്പാദ്യത്തിന്റെ പ്രാധാന്യം, സാമ്പത്തിക സുരക്ഷ എന്നീ വിഷയങ്ങളിൽ കേരളത്തിന്റെ തനതു കലാ രൂപങ്ങളായ ചാക്യാർ കൂത്ത്, തെയ്യം എന്നിവയിലൂടെയാണു ബോധവൽക്കരണം നൽകുന്നത്. ബോധവൽക്കരണത്തിന്റെ ഭാഗമായി മാനസികാരോഗ്യ വിദഗ്ധരുടെ സെഷനുകളും ഒരുക്കിയിട്ടുണ്ട്. രാജ്യത്തുടനീളം തിരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമെന്ന് ഫെഡറൽ ബാങ്ക് അറിയിച്ചു. കേന്ദ്രീയ വിദ്യാലയത്തിലും കൊച്ചിൻ റിഫൈനറീസ് സ്കൂളിലും നടന്ന പരിപാടിയിൽ കുട്ടികൾക്കു പുറമേ, അധ്യാപകരും പങ്കെടുത്തു. കേരളത്തിന്റെ തനതു കലാരൂപങ്ങളെ കാണാൻ കഴിഞ്ഞതും സാമ്പത്തിക സുരക്ഷയെക്കുറിച്ചുള്ള സെഷനും വിദ്യാർത്ഥികളിൽ കൗതുകമുണർത്തി. വരും ദിവസങ്ങളിൽ സംസ്ഥാനത്തുടനീളം വിവിധ സ്കൂളുകളിൽ പരിപാടി സംഘടിപ്പിക്കും.ജില്ലയിൽ തിരുവാണിയൂർ ഗ്ലോബൽ പബ്ലിക് സ്കൂൾ, തൃപ്പുണിത്തുറ എൻഎസ്എസ് എച്ച്എ സ്എസ്, ബ്രോഡ്‌വേ സെന്റ് മേരീസ് കോൺവന്റ് ഗേൾസ് എച്ച്എസ്എസ്, കലൂർ ഗ്രീറ്റ്സ് പബ്ലിക് സ്കൂൾ, ഇടപ്പള്ളി സെന്റ് ജോർജ് ഹൈസ്കൂൾ, എരൂർ ഭവൻസ് വിദ്യാമന്ദിർ, ഗിരിനഗർ ഭവൻസ് വിദ്യാമന്ദിർ എന്നിവിടങ്ങളിൽ പദ്ധതി നടപ്പാക്കും. കുട്ടികളുടെ മാനസികാരോഗ്യവും സാമ്പത്തിക അവബോധവും വികസിപ്പിക്കുകയാണ് ബോധവൽക്കരണ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്.

# 120 ന്റെ നിറവിൽ എസിസിഎ

**കൊച്ചി:** അസോസിയേഷൻ ഓഫ് ചാർട്ടേർഡ് സർട്ടിഫൈഡ് അക്കൗണ്ടൻറ്സ്120ാം വാർഷികം ആഘോഷിക്കുന്നു. 1904 നവംബർ 30ന് ലണ്ടനിൽ എട്ട് അക്കൗണ്ടൻറുമാരുടെ ഒരു ഗ്രൂപ്പ് സ്ഥാപിച്ച അസോസിയേഷൻ ഇന്ന് 180 രാജ്യങ്ങളിലായി 252500 അംഗങ്ങളും 526000 ഭാവി അംഗങ്ങളുമായി ആഗോള നെറ്റ് വർക്കായി വളർന്നു.ഇന്ത്യയിലുടനീളവും ലോകമെമ്പാടുമുള്ള കഴിവുറ്റതും പ്രതിബദ്ധതയുള്ളതുമായ അംഗങ്ങളുടെ ഒരു സമൂഹം തങ്ങൾക്കുണ്ടെന്നും ഇവർ വിജയകരമായ കരിയർ ഏറ്റെടുക്കുകയും എണ്ണമറ്റ ബിസിനസുകളിലും സ്ഥാപനങ്ങളിലും സമൂഹങ്ങളിലും പോസിറ്റീവും സുസ്ഥിരവുമായ സ്വാധീനം ചെലുത്തുകയും ചെയ്യുന്നുവെന്ന് എസിസിഎ ഇന്ത്യ ഡയറക്ടർ സജിദ് ഖാൻ പറഞ്ഞു. പൊതുനന്മയ്ക്കായി പ്രവർത്തിക്കുന്ന ഒരു യഥാർത്ഥ ആഗോള സംഘടനയായി എസിസിഎ മാറിയിരിക്കുന്നു. 1904ൽ സ്ഥാപിതമായപ്പോൾ ഇത്രയും നേട്ടങ്ങളുണ്ടാക്കുമെന്ന് ആരും പ്രവചിച്ചിട്ടുണ്ടാകില്ല. നവീകരണത്തിൻറെയു വളർച്ചയുടെയും കഥയാണ് തങ്ങളുടേത്, എസിസിഎ പ്രസിഡൻറ് അയ്ല മജീദ് പറഞ്ഞു. എല്ലാറ്റിനുമുപരിയായി ഒരുപാട് ആളുകളുടെ കരിയർ ആരംഭിച്ചതിൻറെയും ജീവിതങ്ങൾ രൂപാന്തരപ്പെട്ടതിൻറെയും സ്വപ്നങ്ങൾ സാക്ഷാൽക്കരിച്ചതിൻറെയും കഥയാണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു.അടുത്തു നടന്ന എജിഎമ്മിലാണ് അയ്ല മജീദിനെ പ്രസിഡൻറായും മെലാനി പ്രോഫിറ്റിനെ ഡെപ്യൂട്ടി പ്രസിഡൻറായും ഡാറ്റുക് മൊഹദ് ഹസനെ വൈസ് പ്രസിഡൻറായും തെരഞ്ഞെടുത്തത്. എസിസിഎയുടെ ചരിത്രത്തിൽ ആദ്യമായാണ് മൂന്ന് പ്രധാന സ്ഥാനങ്ങളിലും വനിതകൾ എത്തുന്നത്.1909ൽ ആദ്യമായി വനിതയ്ക്ക് അംഗത്വം നൽകിയ പ്രൊഫഷണൽ അക്കൗണ്ടൻസി സമിതിക്ക് ഇത് മറ്റൊരു നാഴികക്കല്ലാണ്.മെയ് മാസത്തിൽ അംഗസംഖ്യ രണ്ടുര ലക്ഷം കടന്നു. സെപ്റ്റംബറിൽ സുസ്ഥിരതയിൽ പുതിയ പ്രൊഫഷണൽ ഡിപ്ലോമ ആരംഭിച്ചു. ഈ മാസം ആദ്യം യുഎൻ ട്രേഡ് ആൻഡ് ഡെവലപ്മെൻറ് ഇൻറർനാഷണൽ സ്റ്റാൻഡേർഡ്സ് ഓഫ് അക്കൗണ്ടിംഗ് ആൻഡ് റിപ്പോർട്ടിംഗിൻറെ (ഐഎസ്എആർ) ഹോണേഴ്സ് 2024ൻറെ അന്താരാഷ്ട്ര വിഭാഗത്തിൽ പ്രത്യേക നാമനിർദ്ദേശം ലഭിച്ചു.

# മിറെ അസറ്റ് ഫിനാൻഷ്യൽ ഗ്രൂപ്പ് - ഷെയർഖാൻ ഏറ്റെടുക്കൽ പൂർത്തിയാക്കി

**കൊച്ചി:** നിയന്ത്രണ സ്ഥാപനങ്ങളിൽ നി് ആവശ്യമായ എല്ലാ അനുമതികളും ലഭിച്ചതിനെ തുടർ് ഷെയർഖാനെ ഏറ്റെടുക്കു നടപടികൾ പൂർത്തിയാക്കിയതായി മിറെ അസറ്റ് ഫിനാൻഷ്യൽ ഗ്രൂപ്പ് പ്രഖ്യാപിച്ചു. മിറെ അസറ്റിന്റെ ഭാഗമായി മിറെ അസറ്റ് ഷെയർഖാൻ എ പേരിലാവും തുടർുള്ള പ്രവർത്തനങ്ങൾ.മിറെ അസറ്റിന്റെ ആഗോള തലത്തിലെ വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തി ഇന്ത്യയിൽ ഉടനീളം സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കു വിധത്തിൽ ഷെയർഖാന്റെ പ്രവർത്തനങ്ങൾ ഏറ്റെടുക്കലോടൊപ്പം തുടരും. മിറെ അസറ്റിന്റെ അന്താരാഷ്ട്ര തലത്തിലെ കഴിവുകൾ ഷെയർഖാൻ വിപണിയിലുള്ള ശക്തമായ സ്ഥാനവുമായി ചേർത്ത് വൈവിധ്യമാർ ഉപഭോക്തൃ നിരയ്ക്ക് സമഗ്ര സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കാൻ ഈ നീക്കം സഹായകമാകും.രണ്ടു സ്ഥാപനങ്ങളുടേയും സുഗമമായ ഒത്തുചേരൽ പ്രതിഫലിപ്പിക്കും വിധം പുതിയ ലോഗോയും അവതരിപ്പിച്ചിട്ടുണ്ട്.

വളർന്നു കൊണ്ടിരിക്കുന്ന ശക്തമായ വിപണി എ നിലയിൽ ഇന്ത്യയോട് മിറെ അസറ്റിനുള്ള പ്രതിബദ്ധതയാണ് ഷെയർഖാൻ ഏറ്റെടുക്കുതിലൂടെ ദൃശ്യമാകുത് മിറെ അസറ്റ് ഫിനാൻഷ്യൽ ഗ്രൂപ്പിന്റെ സ്ഥാപകനും ആഗോള സ്ട്രാറ്റജി ഓഫിസറും സ്ഥാപകനുമായ ഹിയോജൂ പാർക്ക് പറഞ്ഞു. ഇന്ത്യൻ സാമ്പത്തിക പശ്ചാത്തലത്തെ കുറിച്ച് ഷെയർഖാൻ ആഴത്തിലുള്ള അറിവും മിറെ അസറ്റിന്റെ ആഗോള തലത്തിലെ കഴിവുകളും ഒത്തു ചേർു മുറ്റേുതിനെ കുറിച്ച് തങ്ങൾ ആവേശഭരിതരാണെും അദ്ദേഹം പറഞ്ഞു. ഈ നീക്കം ഷെയർഖാനെ വളർച്ചയുടെ പുതിയ തലത്തിലേക്ക് എത്തിക്കുമെു തങ്ങൾ വിശ്വസിക്കുതായി മിറെ അസറ്റ് കാപിറ്റൽ മാർക്കറ്റ്സ് ഇന്ത്യയുടെ വക്താവ് പറഞ്ഞു.മിറെ അസറ്റ് ഷെയർഖാൻ ഉപഭോക്താക്കൾക്ക് തങ്ങളുടെ അക്കൗണ്ടുകൾ, സേവനങ്ങൾ, മറ്റു സംവിധാനങ്ങൾ തുടങ്ങിയ തടസങ്ങളില്ലാത്ത ലഭ്യക്കും. ഇതോടൊപ്പം മിറെ അസറ്റിന്റെ ആഗോള നിക്ഷേപ സൗകര്യങ്ങൾ, സംവിധാനങ്ങൾ, വിപുലമായ തലത്തിലുള്ള സാമ്പത്തിക പദ്ധതികൾ, ഉപദേശ സേവനങ്ങൾ തുടങ്ങിയവ ലഭിക്കാനുള്ള അവസരങ്ങളും ലഭിക്കും.

# മെർക്കുറി ട്രേഡ് ലിങ്ക്സ് 48.95 കോടി രൂപ സമാഹരിക്കും

**കൊച്ചി:** അഹമദാബാദ് ആസ്ഥാനമായ മെർക്കുറി ട്രേഡ് ലിങ്കിസ് ലിമിറ്റഡ് അവകാശ ഓഹരി വിൽപ്പനയിലൂടെ 48.95 കോടി രൂപ സമാഹരിക്കുന്നു. നവംബർ ഏഴിനു തുടങ്ങിയ വിൽപ്പന ഡിസംബർ അഞ്ച് വരെ തുടരും. ഒരു ഓഹരി വില 44.95 രൂപയാണ്. ഈ വർഷം ഇതു രണ്ടാം തവണയാണ് കമ്പനി അവകാശ ഓഹരി വിൽപ്പന നടത്തുന്നത്. മൊത്തം 1.08 കോടി ഇക്വിറ്റി ഓഹരികളാണ് വിറ്റഴിക്കുന്നത്. 10 രൂപയാണ് ഓഹരിയുടെ മുഖവില. ഒരു ഓഹരി കൈവശമുള്ളവർക്ക് നാല് അവകാശ ഓഹരികൾ ലഭിക്കും. സമാഹരിക്കുന്ന തുക കമ്പനിയുടെ മൂലധനാവശ്യങ്ങൾക്കാണ് പ്രധാനമായും വിനിയോഗിക്കുകയെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com